കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത്
2017-18

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ (പി6)1415/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 680 020

ഇമെയിൽ: dotsr.ksad@kerala.gov.in

ഫോൺ: 0487 2331249

തീയതി: 03.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-8 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3, 3-4, 3-9, 3-11 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ (പി6)1415/2018 തീയതി: 03.10.2018

## തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിന്റെ

## 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 6.10.17മുതൽ 13.7.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക് 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സുധാദാസ്<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.07.18 മുതൽ 25.07.18 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. തുളസീദാസ്.വി.ജി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഹണി.കെ.എസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഷൈനി കൃഷ്ണദാസ് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സ്റ്റാൻലി.പി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോയ്സൻ സി.ജെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.ജി.പ്രമോദ് | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീ. രഘു.വി.സി | 1.4.17 മുതൽ 31.3.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ലാൽസുന.പി.കെ | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ശിവരാജൻ.കെ.ജി | 1.4.17 മുതൽ 31.3.18 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.സാബു.കെ | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ. മിനി.വി.ആർ | 1.4.17 മുതൽ 31.3.18 വരെ |
| വി.ഇ.ഒ ( മറ്റം & കണ്ടാണശ്ശേരി) | അരുൺ വിജയ് | 1.4.17 മുതൽ 20.7.17 വരെ |
| | ബൈജു വിൻസന്റ് | 21.7.17 മുതൽ 31.3.18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | മേരി.എം.സി | 1.4.17 മുതൽ 11.12.17 വരെ |
| | ലിപ്സി.എം.വി | 12.12.17 മുതൽ 31.3.18 വരെ |
| വെറ്ററിനറി സർജൻ | Dr.Pame.T.Maliyekkal | 1.4.17 മുതൽ 31.3.18 വരെ |
| അസി.സെക്രട്ടറി | ഷാജി.ടി.എച്ച് | 1.4.17 മുതൽ 20.6.17 വരെ |
| | സലാഹുദ്ദീൻ.പി.പി | 20.6.17 മുതൽ 31.3.18 വരെ |
| പ്രധാനാദ്ധ്യാപിക | ജിൻസി തോമസ്സ്.വി | 1.4.16 മുതൽ 31.3.18 വരെ |
| അസി.എഞ്ചിനീയർ | സുബിത.സി.എസ് | 1.4.17 മുതൽ 31.3.18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മഞ്ജുഷ.ടി.വി | 1.4.17 മുതൽ 24.11.17 വരെ |
| | ജിഷ.കെ.ജി | 25.11.17 മുതൽ 31.3.18 വര |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം. | 1.6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |

| | | |
|---|---|---|
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1.12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതിയുടെ വരുമാനം ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റി മാസം തോറും പരിശോധിക്കുന്നില്ല | 2.1 |
| 14 | ലേലം നടപടികളുമായി ബന്ധപ്പെട്ട അപാകതകൾ | 2.2 |
| 15 | ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ | 2.3 |
| 16 | പരസ്യനികുതി ഈടാക്കേണ്ടതാണ് | 2.4 |
| 17 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2.5 |
| 18 | വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത | 2.6 |
| 19 | ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങളിലെ പൊതു അപാകതകൾ | 2.7 |
| 20 | സാംഖ്യ സാഞ്ചയ സോഫ്റ്റ്വെയറുകളെ സംബന്ധിച്ച് | 2.8 |
| | ഭാഗം 3 | |
| 21 | വികസന സ്റ്റാൻഡിംഗ് കമ്മിറ്റി | 3.1 |
| 22 | പൊതുമരാമത്ത് - അവലോകനം | 3.2 |
| 23 | തൊഴിൽ ഹരിതസേനക്ക് കെട്ടിടം - ഫൈനൽ ബില്ലിൽനിന്നും പിഴ ഈടാക്കിയില്ല- 285000/- രൂപയുടെ നഷ്ടം, മറ്റ് അപാകതകൾ | 3.3 |
| 24 | പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - നിർമ്മാണത്തിലെ പാകപ്പിഴകൾ | 3.4 |
| 25 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3.5 |
| 26 | കൃഷി | 3.6 |
| 27 | മൃഗസംരക്ഷണം | 3.7 |
| 28 | ക്ഷീരവികസനം | 3.8 |
| 29 | വൈദ്യുതി,പ്രാദേശികവികസനം | 3.9 |
| 30 | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി - വർക്കിംഗ് ഗ്രൂപ്പുകൾ | 3.10 |
| 31 | എസ്. സി പെൺകുട്ടികൾക്ക് വിവാഹധനസഹായം- അധിക തുക അനുവദിച്ചു. | 3.11 |
| 32 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ | 3.12 |
| 33 | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി | 3.13 |
| 34 | പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ശേഖരിക്കൽ - പദ്ധതി നടപ്പിലാക്കിയിട്ടില്ല | 3.14 |
| 35 | പാലിയേറ്റീവ് പരിചരണത്തിനായി ലഭിച്ച തുക ചെലവഴിക്കാതെ തിരിച്ചടച്ചു | 3.15 |
| 36 | പണം മുഴുവനായി നൽകിയിട്ടും പ്രോഗ്രാം നടന്നിട്ടില്ല | 3.16 |

| | | |
|---|---|---|
| 37 | പൊതുവാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയില്ല അതോറിറ്റിക്ക് പണം നൽകുന്നതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നില്ല. | 3.17 |
| | ഭാഗം 4 | |
| 38 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4.3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4.4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 43 | ഓഡിറ്റ് റിക്കവറി | 4.6 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4.7 |
| 45 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4.8 |
| 46 | ഓഡിറ്റ് പ്രത്യേയവലോകനം | 4.9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.10 |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം I |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.3.17തീയതിയിലെ1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.2.18തീയതിയിലെ 1തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| വരവ് | ചെലവ് |
|---|---|
| 213322394 | 202798127 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 28.5.18 | 10.7.18 | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18.6.18 to 19.6.18 | കെ.എസ്.എ.ടി.എസ്.ആർ (ഇ3)1150/18(34) തിയതി 10.7.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11774821.55 |
| വരവ് | 45109211 |
| ആകെ | 56884032.55 |
| ചെലവ് | 50097777 |
| നീക്കിയിരിപ്പ് | 6786255.55 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 11896000 | 11896000 | 8757567 | 3138433 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 4226775 | 4226775 | 4226775 | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 0 | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 4527999 | 4527999 | 2008324 | 2519675 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 3060000 | 3060000 | 3012931 | 47069 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 5502884 | 5502884 | 4717229 | 785655 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 1195974 | 1195974 | 1004878 | 191096 |
| സാക്ഷരത | | 2616 | 97 | 2713 | 0 | 2713 |
| ദുരിതാശ്വാസനിധി | | 0 | 00 | 00 | 00 | 00 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 17039547 | 17039547 | 17039547 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1118282 | 1118282 | 1118282 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ICDS | | 127276 | 457275 | 584551 | 233894 | 350657 |
| TSC | | 0 | 110256 | 110256 | 110256 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ വിമുക്തി | | 25000 | 12500 | 37500 | 16428 | 21072 |
| TSC | | 160000 | 25000 | 185000 | 165100 | 19900 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1309586 | 1309586 | 1309586 | 0 |
| | ജില്ലാ പഞ്ചായത്ത് | 25000 | 1070000 | 1095000 | 1006122 | 88878 |
| ബി ഫണ്ട് | | 0 | 41359876 | 41359876 | 41359876 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 4673840 | 8525000 | 13198840 | 11972275 | 1226565 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6851183 | 6566233 | 13417416 | 8212301 | 5205115 |
| | ട്രഷറി അക്കൗണ്ട് | 20522 | 0 | 20522 | 0 | 20522 |
| മറ്റിനം OAP | | 132860 | 0 | 132860 | 132860 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 196 | 52544016 | 135 | 27815210 | 51 | 10 | 69 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1118282 | 1118282 | 1118282 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 17039547 | 17039547 | 17039547 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24600 | 56 |
| കർഷകതൊഴിലാളി പെൻഷൻ | 4926000 | 397 |
| വിധവാപെൻഷൻ | 13177400 | 1098 |
| വാർദ്ധക്യകാലപെൻഷൻ | 18884300 | 1398 |
| വികലാംഗപെൻഷൻ | 2574800 | 206 |
| 50വയസിനുമേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 992100 | 119 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 570000 | 19 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.7.18 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24655 .രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ

1. ഡെപ്പോസിറ്റുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് അക്കൌണ്ടിംഗ് നിയമം അധ്യായം 4 ഖണ്ഡിക 33 പ്രകാരം കാഷ് ,ചെക്ക്,ഡി.ഡി തുടങ്ങിയവ അല്ലാതെ സ്വീകരിച്ച ഡെപോസിറ്റുകൾ സെക്രട്ടറി സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. ഇഎംഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിലായി ലഭിക്കുന്ന കാഷ്, ചെക്ക്, ഡി.ഡി എന്നിവ യഥാസമയം ബാങ്കിൽ നിക്ഷേപിക്കേണ്ടതും, സ്ഥിര നിക്ഷേപ രശീതികൾ സെക്രട്ടറി/ അസി. എഞ്ചിനീയറുടെ പേരിൽ പ്ലെഡ്ജ് ചെയ്ത് വാങ്ങി ഭദ്രമായി സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഇവയുടെ വിവരം കൃത്യമായി രജിസ്റ്ററുകളിൽ ചേർത്ത് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത് കൃത്യമായി പഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ മാത്രം താഴെ ചേർക്കുന്നു.

2014-15 വർഷത്തിൽ ടെണ്ടർ ചെയ്ത "ഹരിത സേനക്ക് കെട്ടിടം" എന്ന പദ്ധതിക്കായി കരാറുകാരനായ ശ്രീ സി.കെ.ജേക്കബ് സെക്യൂരിറ്റി ഡെപോസിറ്റായി ലഭ്യമാക്കിയ 145000/- രൂപയുടെ സ്ഥിര നിക്ഷേപ രശീതി (FD Receipt

No.73185417 dt.24/11/14) പഞ്ചായത്തിൽനിന്നും നഷ്ടപ്പെട്ടതായി ടി പ്രവൃത്തിയുടെ ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇതിന്റെ വിവരങ്ങളൊന്നുംതന്നെ ചേർത്തിട്ടില്ല.

സെക്രട്ടറി ഒഴികെയുള്ള മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടെണ്ടറുകളിൽ സ്വീകരിക്കുന്ന ഇഎംഡി, സെക്യൂരിറ്റി ഡെപോസിറ്റ് തുടങ്ങിയവ അതാതു ഫയലിൽ തന്നെ സൂക്ഷിക്കുകയും പ്രവൃത്തി അവസാനിക്കുമ്പോൾ തിരികെ നല്കുകയുമാണ് ചെയ്യുന്നത്. ഇവയുടെ വിവരം എവിടേയും ചേർക്കപ്പെടുന്നില്ല. കാഷ്,ചെക്ക്, ഡിഡി എന്നിവയായി ലഭിക്കുന്നവ പോലും പലപ്പോഴും രശീതി ചെയ്യപ്പെടുകയോ രജിസ്റ്ററിൽ ചേർക്കപ്പെടുകയോ ചെയ്യുന്നില്ല.

2. പഞ്ചായത്തിന്റെ ഭൂമി സംബന്ധിച്ച രേഖകൾ ഇല്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി സംബന്ധിച്ച ആധാരമോ മറ്റ് രേഖകളോ പഞ്ചായത്തിൽ ഇപ്പോൾ ലഭ്യമല്ല. കാലങ്ങളായി പഞ്ചായത്ത് സ്വന്തമായി ആർജിച്ച ഭൂമികൾ, കൈമാറി കിട്ടിയ ഭൂമികൾ, സ്വകാര്യ വ്യക്തികൾ പഞ്ചായത്തിന് സറണ്ടർ ചെയ്ത ഭൂമികൾ തുടങ്ങിയവയുടെ വിവരങ്ങളൊന്നുംതന്നെ പഞ്ചായത്തിൽ ലഭ്യമല്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഓരോ വർഷവും പുതുതായി ആർജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വർഷങ്ങൾക്ക് മുൻപുള്ള ആസ്തി രജിസ്റ്റർ തന്നെയാണ് ഇപ്പോഴുമുള്ളത്. പല ആസ്തികളും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി, നിലവിൽ ഹരിതസേനക്കായി കെട്ടിടം പണിത സ്ഥലം, ഇതിനോടുചേർന്ന പഞ്ചായത്ത് ഗ്രൗണ്ടിനായി വാങ്ങിയ രണ്ടേക്കറിലധികം വരുന്ന സ്ഥലം ഇവയൊന്നും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വില്ലേജ് രേഖകളുമായി ഒത്തുനോക്കി മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി ഡിജിറ്റൽ രൂപത്തിലാക്കി ഇത് ഒരു ആധികാരിക രേഖയാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.ഇൻക്യൂബെൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിലേയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ പേരും, ഔദ്യോഗിക,സ്ഥിര മേൽവിലാസങ്ങളും,സ്ഥലംമാറി പോകുന്ന ഓഫീസിന്റെ വിലാസവും,ചാർജ്ജെടുത്ത തീയ്യതിയും ചാർജ്ജ് വിട്ടൊഴിഞ്ഞ തീയ്യതിയും അടങ്ങുന്ന ഒരു മാസ്റ്റർ ഇൻക്യൂബെൻസി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. ഇതിന്റെ അഭാവത്തിൽ ഓഡിറ്റിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ ശേഖരിക്കുന്നതിന് സാരമായ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

5. മറ്റ് അപാകതകൾ

നിലവിൽ പഞ്ചായത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ ചില പരിമിതികൾ കാണുന്നു. ഏതാനും ചിലത് മാത്രം താഴെ ചേർക്കുന്നു.

| സോഫ്റ്റ്‌വെയർ | അപാകതകൾ |
|---|---|
| സകർമ – ഭരണ സമിതി യോഗങ്ങൾ | -അജണ്ടകൾ സെർച്ച് ചെയ്യാൻ സാധിക്കുന്നില്ല<br>- തീരുമാനത്തോടൊപ്പം വരുന്ന ടേബിളുകൾ അതോടൊപ്പം വരച്ച ചേർക്കുന്നതിനുള്ള സംവിധാനമില്ല.<br>-അജണ്ട ഓർഡർ അക്കമിട്ട ചേർക്കുന്നതിനുള്ള സംവിധാനമില്ല<br>- തീരുമാനത്തോടൊപ്പം അനുബന്ധ രേഖകൾ ചേർക്കാൻ സാധിക്കുന്നില്ല. |
| സചിത്ര – ആസ്തി | - യുണീക് കോഡ് വച്ച് ആസ്തി സർച്ച് ചെയ്യുന്നതിനുള്ള സംവിധാനം ഇല്ല. |
| സഞ്ചയ – സാംഖ്യ | ഇന്റഗ്രേഷൻ ഇനിയും പൂർണ്ണമായിട്ടില്ല. ഇതിൽ നിരവധി പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. |

ഇ-ഗവേണൻസ് എല്ലാ സേവനങ്ങൾക്കും ബാധകമാക്കേണ്ടതും, റെസിഡൻസ് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതും, സേവന ദായക സംവിധകാലതാമസമില്ലാതെയാക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.6.18 | 5/2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2012-13 – 2016-17 | 16.11.2017-- 27.11.2017 | 28.12.2017 |

## 1-12 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 2017-18 ബാലൻസ്ഷീറ്റിൽ capital work in progress ആയി ₹4,09,443/- ചേർത്തിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്റ്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം ₹95076/- മാത്രമേ തൻവർഷം പാർട്ട് ബിൽ നൽകിയിട്ടുള്ളൂ.
2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം സെക്രട്ടറി നിർവ്വഹണം നടത്തിയ "90/18" പദ്ധതിയിൽ 22,00,000/- കെ.എസ്.ഇ.ബി.ൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ബാലൻസ്ഷീറ്റിൽ കെ.എസ്.ഇ.ബി.ൽ ഡെപ്പോസിറ്റ് ചെയ്തതായി ₹4,96,520/- മാത്രമാണ് ചേർത്തിട്ടുള്ളത്.
3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും, വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം 15,47,520/- രൂപയും, വാർഷിക കണക്ക് പ്രകാരം 15,48,770/- രൂപയുമാണ്.
4. ബാലൻസ് ഷീറ്റിൽ B-14 പ്രകാരം ബാലൻസ് സ്റ്റോക്കിന്റെ മൂല്യം 52,544/- രൂപ കാണിച്ചിരിക്കുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഇനങ്ങളുടെ മൂല്യമടക്കം എല്ലാ വിവരങ്ങളും ചേർത്ത് സാക്ഷ്യപ്പെടുത്തി കാലികമാക്കിയിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാനായില്ല.
5. ബാലൻസ് ഷീറ്റിൽ സ്ഥിര ആസ്തികളുടെ മൂല്യം 2,29,16,698/- രൂപ എന്ന് കാണിച്ചിരിക്കുന്നു. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കുകയോ, ആസ്തിയുടെ മൂല്യം ചേർക്കുകയോ ചെയ്യാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാനായില്ല.
6. വികസന ഫണ്ട് (എസ്.സി.പി.) - സാംഖ്യ ACR-ഉം, വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല.

   സാംഖ്യ ACR - 42,34,425/-

   വാർഷിക കണക്ക് - 42,26,775/-
7. വിവിധോദ്ദേശ്യ ഗ്രാന്റുകൾക്ക് പ്രത്യേക രജിസ്റ്റർ വരവ്-ചെലവ് വിശദാംശങ്ങൾ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ കാണിച്ച 5,43,657/- രൂപയുടെ കൃത്യത പരിശോധിക്കാനായില്ല.
8. B-17 ഷെഡ്യൂൾ പ്രകാരം ട്രഷറി തനതു ഫണ്ടിൽ (VPFA 1-2) 20,522/- രൂപ ബാലൻസ് കാണിച്ചിരിക്കുന്നു. എന്നാൽ ട്രഷറി തനതു ഫണ്ട് (VPFA 1-2)ന്റെ പാസ് ബുക്ക്/ ട്രഷറി സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാനായില്ല.
9. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കാഷ് ഫ്ലോ പത്രികയിൽ Net decrease in cash – (49,88,566/-) ആണ്. Cash generated by financing activities – (22,73,804/-) ആണ്.
10. അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിനൊപ്പം ചേർത്തിട്ടില്ല. (2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിങ്ങ് ചട്ടങ്ങളിലെ ചട്ടം 62 (F)
11. തൻവർഷ കുടിശ്ശികകൾക്ക് പ്രൊവിഷൻ I&E പത്രികയിൽ ഇല്ല. B.5 ഷെഡ്യൂൾ പ്രകാരം 1,02,573/- രൂപയാണ് വസ്തു

നികുതി കുടിശ്ശിക. എന്നാൽ B-15 A ഷെഡ്യൂൾ പ്രകാരം 1,32,906/- രൂപ പ്രൊവിഷനായി ചേർത്തിരിക്കുന്നു.

12. വസ്തു നികുതി ഇനത്തിൽ ₹13,43,162/- I-18 ഷെഡ്യൂൾ പ്രകാരം ഡിമാന്റിൽ കുറവ് ചെയ്തിട്ടുണ്ട്. ആയതിന് കൃത്യമായ വിശദീകരണം ലഭിച്ചിട്ടില്ല.

13. വസ്തു നികുതി - വാർഷിക കണക്കുകളും - സഞ്ചയ സ്റ്റേറ്റ്മെന്റും താഴെ ചേർക്കും പ്രകാരം പൊരുത്തപ്പെടുന്നില്ല.

2016-17 വാർഷിക കണക്ക പ്രകാരം (ഡിമാന്റ് ) കുടിശ്ശിക - 29,87,360/-

സഞ്ചയ പ്രകാരം കുടിശ്ശിക - 15,75,900/-

2017-18 വാർഷിക കണക്കപ്രകാരം വരവ് - 14,78,227/-

സഞ്ചയ പ്രകാരം കുടിശ്ശിക വരവ് - 15,40,066/-

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതിയുടെ വരുമാനം ധനകാര്യസ്ററാന്റിംങ്ങ് കമിറ്റി മാസം തോറും പരിശോധിക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തിൽ 336 സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ട്.എന്നാൽ 224 സ്ഥാപനങ്ങൾ മാത്രമാണ് കച്ചവടക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നത്.112 സ്ഥാപനങ്ങൾ കച്ചവടക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല.ഈ കുറവുള്ള തുക 2017-18 സാമ്പത്തിക വർഷത്തിൽ ഈടാക്കുന്നതിന് യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചില്ല.തൊഴിൽ നികുതി വരവ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി മാസം തോറും പരിശോധിക്കുന്നതായി രേഖപ്പെടുത്തിയിട്ടില്ല. തനതുവരുമാനം തീരെ കുറവായ ഗ്രാമപഞ്ചായത്ത് ഈയിനത്തിലെ വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല

## 2-2 ലേലം നടപടികളുമായി ബന്ധപ്പെട്ട അപാകതകൾ

1. 2017-18 സാമ്പത്തിക വർഷത്തിൽ നടന്നിട്ടുള്ള ലേലങ്ങളിൽ ജി.എസ്.ടി തുക കണക്കാക്കുകയോ അടവാക്കുകയോ ചെയ്തിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 18 നൽകി.മറുപടിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ ജി.എസ്.ടി രജിസ്ട്രേഷൻ എടുക്കാത്തതിനാൽ ജി.എസ്.ടി പിടിച്ച തുക 'other deposits' എന്ന ഹെഡിൽ സൂക്ഷിച്ചിരിക്കുന്നുവെന്ന മറുപടിയാണ് നൽകിയത്.എന്നാൽ യഥാർത്ഥത്തിൽ ലേലം വിളിച്ച തുകയ്ക്കാണ് ജി.എസ്.ടി കണക്കാക്കേണ്ടിയിരുന്നത്.എന്നാൽ ലേലം വിളിച്ച തുക മാത്രമാണ് ഗ്രാമ പഞ്ചായത്ത് ഈടാക്കിയിട്ടുള്ളത്,ജി.എസ്.ടി തുക കണക്കാക്കി ഈടാക്കിയിട്ടില്ല.

2. 2017-18 സാമ്പത്തിക വർഷത്തിൽ പൈങ്കണ്ണികുളത്തിലെ മത്സ്യ ലേലം ശ്യാം,അന്തിക്കാട് ഹൗസ് ,നമ്പഴിക്കാട് എന്നയാൾ 26000/-രൂപയ്ക്ക് ലേലം നേടുകയും രശീതി നം.117020100947 തി.11/7/2017 പ്രകാരം 10000/- രൂപയും 100/-രൂപ നിരത ദ്രവ്യവുമായി കെട്ടി വച്ചു.എന്നാൽ ലേല ബാക്കി തുകയായ 16000/- രൂപ നാളിതുവരെയായും അടവാക്കിയിട്ടില്ല.ഗ്രാമ പഞ്ചായത്ത് പ്രസ്തുത തുക ഈടാക്കുന്നതിനായി യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 18നൽകി.ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടിയും നൽകി. ലേല ഇനത്തിൽ നഷ്ടമായ 16000/- രൂപ എത്രയും വേഗം പിരിച്ചെടുക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

1. 5എച്ച്.പി യ്ക്ക് മുകളിൽ വൈദ്യുതോപകരണം ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പിസിബിയിൽ നിന്നുള്ള നിരാക്ഷേപപത്രം വാങ്ങി സൂക്ഷിക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത് പിസിബിയിൽ നിന്നുള്ള നിരാക്ഷേപപത്രം ഇല്ലാതെയാണ്.

| ലൈസൻസ് നം | പേര് | വൈദ്യുതോപകരണം (യൂണിറ്റ്) |
|---|---|---|
| 10/2017-18 | എ.റുക്കിയ | 10 എച്ച്.പി |
| 16/17-18 | ഇ.പി ജോൺസൻ | 25 എച്ച്.പി(31.5.2017 വരെ) |

| | | |
|---|---|---|
| 18/17-18 | തങ്കമണി W/o പങ്കുട്ടി | 10 എച്ച്.പി |
| 19/17-18 | പി.വി സേവ്യർ | 13.5 എച്ച്.പി |
| 20/17-18 | പുഷ്പ എ.എസ് | 10 എച്ച്.പി |
| 89/17-18 | അലക്സ് റ്റി.വി | 9 എച്ച്.പി |
| 99/17-18 | നിസ്സാർ | 7.5 എച്ച്.പി |
| 171/17-18 | ഡോ.വി.ആർ ബാജി | 10 എച്ച്.പി |
| 328/17-18 | പി.കെ ബാബുരാജ് | 25 എച്ച്.പി |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 19 നൽകി.പരിസര മലിനീകരണം ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെന്നാണ് മറുപടി നൽകിയത്.ആയതിനാൽ ചട്ടപ്രകാരമുള്ള നിരാക്ഷേപപത്രങ്ങൾ വാങ്ങി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ആയുർവ്വേദ മരുന്ന നിർമ്മാണ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ ഡ്രഗ്സ് കൺട്രോളറിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഡ്രഗ്സ് കൺട്രോളറിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ലാതെയാണ് ആയുർവ്വേദ മരുന്ന നിർമ്മാണ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 19 നൽകി.മറുപടിയായി സാക്ഷ്യപത്രങ്ങൾ ഹാജരാക്കാൻ കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ചട്ടത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-4 പരസ്യനികുതി ഈടാക്കേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പരസ്യനികുതി ഈടാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 21 നൽകി.എന്നാൽ ഗ്രാമപഞ്ചായത്തിൽ പരസ്യനികുതിയില്ലായെന്നാണ് മറുപടി നൽകിയത്.പഞ്ചായത്തിന് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പരസ്യനികുതി ഈടാക്കുന്നതിനുള്ള ബൈലോ തായ്യാറാക്കി പഞ്ചായത്ത് ഡയറക്ടറിൽ നിന്നും അംഗീകാരം നേടി ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-5 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 2-6 വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത

2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ അബ്ദുള്ളക്കുട്ടി s/o കുഞ്ഞാവു,നാച്ചവീട്ടിൽ ഹൗസ് എന്നയാളുടെ വാടകയ്ക്കുള്ള റസിഡൻഷ്യൽ ഫ്ലാറ്റിന് I/87B ,I/87c,I/87D,I/87F,I/87G എന്നീ നമ്പറുകൾ നൽകിയിട്ടുണ്ട്.ഈ ഫ്ലാറ്റുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തുനികുതിയുടെ നിരക്ക് 6/-രൂപയായാണ് കണക്കാക്കിയിട്ടുള്ളത്.വാടകയ്ക്കുള്ള റസിഡൻഷ്യൽ ഫ്ലാറ്റെന്നത് യഥാർത്ഥത്തിൽ ലോഡ്ജിങ്ങ് ആയതിനാൽ അടിസ്ഥാന വസ്തുനികുതിയുടെ നിരക്ക് 30/-രൂപയായാണ് കണക്കാക്കേണ്ടത്.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 20 നൽകി,മറുപടിയിൽ സഞ്ചയയിൽ വേണ്ട മാറ്റം വരുത്തി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 2-7 ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങളിലെ പൊതു അപാകതകൾ

1.നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിന് ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച ചേർത്തിട്ടില്ല.

2.സെക്രട്ടറിയുടെ ചുമതലയുള്ള നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല.

3.ഘടകസ്ഥാപന മേധാവികളും,സെക്രട്ടറിയും തയ്യാറാക്കിയ നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി കൈമാറിയിട്ടില്ല.

4.ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

## 2-8 സാംഖ്യ-സഞ്ചയ സോഫ്റ്റ്വെയറുകളെ സംബന്ധിച്ച്

സാംഖ്യ-സഞ്ചയ സോഫ്റ്റ്‌വെയറുകളെ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 14 ന് ലഭിച്ച മറുപടി താഴെ പറയുന്ന വിധത്തിൽ സംഗ്രഹിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറുകളിലൂടെ ലഭിക്കുന്ന ഡി.സി.ബി റിപ്പോർട്ട് മനസ്സിലാക്കുന്നതിന് വളരെ പ്രയാസം നേരിടുന്നെന്നും സഞ്ചയ സോഫ്റ്റ്‌വെയർ ഒരു യൂസർ ഫ്രണ്ട്‌ലി അല്ല എന്നും കാണുന്നു.

നിലവിലെ സഞ്ചയ കളക്ഷനിൽ മുൻവർഷത്തെതായ അഡ്വാൻസ് തുക കൂടി ഉൾപ്പെട്ടുകിടക്കുന്നതിനാൽ തൻവർഷത്തെ കൃത്യമായ കണക്കുകൾ ലഭിക്കാതെ വരുന്നു. ഓൺലൈനിൽ വസ്തുനികുതി അടവാക്കുന്നത് സാംഖ്യയിൽ നിലവിൽ മാനുവലായി മാത്രമേ ചേർക്കാൻ കഴിയുന്നുള്ളൂ. ഫ്രണ്ട് ഓഫീസിൽ രസീതി അടച്ചത് റദ്ദാക്കിയാൽ സോഫ്റ്റ്‌വെയറിൽ നിന്നും തനിയെ റദ്ദാകും. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ മാന്വലായി റദ്ദ് ചെയ്താൽ മാത്രമേ വീണ്ടും അതേ നമ്പറിൽ പുതിയ നികുതി രശീതി അടക്കുവാൻ കഴിയുന്നുള്ളൂ. ഇങ്ങിനെ വരുന്നത് വസ്തുനികുതിയുടെ കൃത്യത ഉറപ്പുവരുത്തുന്നതിൽ തടസ്സമായി വരുന്നു.

സഞ്ചയ ഡി.സി.ബി ഉൾപ്പെട്ട ഡി.സി.ബി സാംഖ്യയിൽ നിന്ന് ലഭിക്കുന്ന ബാക്കി വരികയാണെങ്കിൽ കാലതാമസം ഒഴിവാക്കാവുന്നതും കൃത്യതയില്ലായ്മ ഒഴിവാക്കാൻ കഴിയുന്നതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസന സ്റ്റാൻഡിംഗ് കമ്മിറ്റി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(ii)പ്രകാരം വികസന സ്റ്റാൻഡിംഗ്കമ്മിറ്റിവികസനആസൂത്രണം, സാമൂഹ്യവുംസാമ്പത്തികവുമായപ്ലാനിംഗ്സ്പെഷൽപ്ലാനിംഗ്,കൃഷി,മണ്ണുസംരക്ഷണം,സാമൂഹ്യവനവൽക്കരണം,മൃഗസംരക്ഷണം,

ക്ഷീരവികസനം,ചെറുകിടജലസേചനം,മത്സ്യബന്ധനം

ചെറുകിടവ്യവസായം,പൊതുമരാമത്ത്,പാർപ്പിടസൗകര്യം,വൈദ്യുതി

കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനങ്ങളും ചട്ടങ്ങൾ 13(1),13(1)(XIV) എന്നിവയിലെ നിർദ്ദേശത്തിനനുസൃതമായി ഭരണപരമായി കാര്യക്ഷമതയുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

സർക്കാർ ഉത്തരവ് 72/17 ത.സ്വ.ഭ.വ തീ 29/3/2017 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13.6(9) അനുസരിച്ച് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിക്കേണ്ടതുണ്ട്.എന്നാൽ ഇപ്രകാരം യോഗം വിളിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

കൃഷി,മണ്ണുസംരക്ഷണം,മൃഗസംരക്ഷണം,പൊതുമരാമത്ത്,

ക്ഷീരവികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ ധാരാളം അപാകതകൾ കണ്ടെത്തി.മിനുട്സ് ബുക്കുകളിൽ തീരുമാനങ്ങൾ, യോഗം ചേർന്ന തീയതി,പങ്കെടുത്ത അംഗങ്ങളുടെ ഒപ്പ് എന്നിവ ഇല്ല.ചില യോഗങ്ങളിൽ ഒപ്പ് മാത്രം ഉള്ളപ്പോൾ ചിലതിൽ തീയതിയോ,തീരുമാനങ്ങളോ ഇല്ല.ഒപ്പ് ചേർത്ത തീയതികളിൽ തീരുമാനങ്ങൾ ഇല്ലാതെ പേജുകൾ വെറുതെ വിട്ടിട്ടുള്ളതായി കാണുന്നു.വർക്കിംഗ് ഗ്രൂപ്പുകളിൽ വിഷയവിദഗ്ദ്ധർ ഉൾപ്പെട്ടിട്ടില്ല. പദ്ധതി ആസൂത്രണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ

വേണ്ടത്ര സജീവമായിരുന്നില്ല.

പദ്ധതി നടത്തിപ്പിൽ മോണിറ്ററിംഗ് കമ്മറ്റികൾ യാതൊരു റിപ്പോർട്ടും തയ്യാറാക്കിയിട്ടില്ല.പദ്ധതി ഉദ്ദേശിച്ച രീതിയിൽ, നിർവഹണകലണ്ടർ അനുസരിച്ച്,എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമാകുന്ന രീതിയിൽ സർക്കാർ ഉത്തരവുകൾ പ്രകാരം തന്നെയാണോ നടപ്പാക്കിയതെന്ന് ഉറപ്പുവരുത്തേണ്ട മോണിറ്ററിംഗ് കമ്മറ്റികൾ പദ്ധതികൾ ഒന്നും തന്നെ മോണിറ്റർ ചെയ്തിട്ടില്ല.

പഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ നൽകിയിട്ടുള്ള കണക്കുകൾ കൃത്യമല്ല.സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യുന്നില്ല.

പദ്ധതികൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും വേണ്ടത്ര ശ്രദ്ധ ഇല്ല.പദ്ധതിക്കാവശ്യമായത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാതെ പിന്നീട് ഭരണസമിതി ലിസ്റ്റ് നൽകുകയും ആയതിന് ഗ്രാമസഭാസാധൂകരണം

ലഭ്യമാക്കുന്നതായും കാണാൻകഴിഞ്ഞു.

## 3-2 പൊതുമരാമത്ത് - അവലോകനം

വർക്കിംഗ് ഗ്രൂപ്പ്

15 അംഗങ്ങളുള്ള പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ വിഷയവിദഗ്ദർ ആരും തന്നെ ഉൾപ്പെട്ടിട്ടില്ല. 17-18 വർഷത്തെ പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി 15-3-17 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 11 പദ്ധതികൾ ശുപാർശ ചെയ്തിരുന്നു. എന്നാൽ 17-18 അന്തിമ പദ്ധതി രേഖയിൽ ഇവയിൽ ഒരു പദ്ധതി പോലും ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റാന്റിംഗ് കമ്മറ്റിയിൽ ഇവയെക്കുറിച്ച് ചർച്ച നടന്നതായും കാണുന്നില്ല. ഇതിൽനിന്നും പദ്ധതി ആസൂത്രണത്തിലെ അടിസ്ഥാന ശിലകളായ വർക്കിംഗ് ഗ്രൂപ്പുകൾക്ക് വേണ്ടത്ര പ്രാധാന്യം സ്റ്റാന്റിംഗ് കമ്മിറ്റിയോ ഭരണസമിതിയോ നല്കിയിട്ടില്ല എന്നത് വ്യക്തമാകുന്നു.

പദ്ധതി നടത്തിപ്പ്

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കാൻ ഉദ്ദേശിച്ച് 2017-18 ൽ അംഗീകാരം ലഭിച്ച 96 പദ്ധതികളിൽ കേവലം 42 എണ്ണം മാത്രമാണ് പൂർത്തിയാക്കാനായത്. അസി. എഞ്ചിനീയറുടെ ജോലിഭാരം പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസത്തിന് ഇടയാക്കുന്നുണ്ട്. ഇക്കാര്യം എക്സിറ്റ് മീറ്റിംഗിലും പഞ്ചായത്ത് പ്രസിഡണ്ട് പരാമർശിക്കുകയുണ്ടായി. കണ്ടാണശ്ശേരി, ചൂണ്ടൽ പഞ്ചായത്തുകൾക്കായി ആകെ ഒരു അസി. എഞ്ചിനീയറും, മൂന്ന് ഓവർസിയർമാരുമാണുള്ളത്. ചൂണ്ടൽ പഞ്ചായത്തിൽ 175 പദ്ധതികളും, കണ്ടാണശ്ശേരി പഞ്ചായത്തിൽ 96 പദ്ധതികളുമാണ് 2017-18 വർഷം അസി. എഞ്ചിനീയർക്ക് ഉണ്ടായിരുന്നത്. ഒരു ഓവർസിയർ താല്ക്കാലിക അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്. പദ്ധതികളുടെ ബാഹുല്യം സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനേയും, പ്രവൃത്തികളുടെ ഗുണനിലവാരത്തേയും വിപരീതമായി ബാധിക്കുന്നു.

മോണിറ്ററിംഗ്

പഞ്ചായത്തിന്റെ കീഴിൽ നടന്നു വരുന്ന ഏറ്റവും വലിയ നിർമ്മാണ പദ്ധതികളായ പുതിയ പഞ്ചായത്ത് ഓഫീസ് കോംപ്ലക്സ് നിർമ്മാണം, ഹരിതസേനക്കായി കെട്ടിട നിർമ്മാണം എന്നിവയിൽ നിരവധി നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച് ഇവ എത്രയും വേഗം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ഭരണസമിതിയുടേയും സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്.

## 3-3 തൊഴിൽ ഹരിതസേനക്ക് കെട്ടിടം - ഫൈനൽ ബില്ലിൽനിന്നും പിഴ ഈടാക്കിയില്ല- 285000/- രൂപയുടെ നഷ്ടം, മറ്റ് അപാകതകൾ

പ്രോ. നം. 181/18 എഗ്രി. തീയ്യതി: 24/11/14

കരാറുകാരൻ : സി. കെ. ജേക്കബ്

എം ബി. നം. 118/1-14 & 5/15-16

ട്രഷറി ബിൽ നം.15/12-1-18 Rs.1291886/-

30 ലക്ഷം രൂപ അടങ്കലുള്ള പ്രസ്തുത പ്രവൃത്തി 2014-15 വർഷത്തിൽ ആരംഭിച്ചുവെങ്കിലും 2017-18 ലാണ് പൂർത്തീകരിച്ചത്. മേൽ പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഫൈൻ ഈടാക്കിയില്ല – 285000/- രൂപയുടെ നഷ്ടം

ടെണ്ടർ നോട്ടീസ് പ്രകാരം പൂർത്തീകരണ തീയ്യതി 31-3-15 ആയിരുന്നു. എന്നാൽ പൂർത്തീകരിച്ചത് 24-3-17 ന് മാത്രമാണ്. എന്നാൽ ഫൈനൽ ബില്ലിൽനിന്നും ഫൈൻ ഈടാക്കിയതായി കാണുന്നില്ല. G.O.(P)84/97/Pw&T dt.19-8-97 പ്രകാരം ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ 1%(minRs.300 max Rs.15000), തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും കരാർ തുകയുടെ 2% (minRs. 600 max Rs.30000) എന്ന നിരക്കിൽ ഈടാക്കാവുന്നതാണ്. ഇപ്രകാരം കണക്കാക്കിയാൽ മേൽ പ്രവൃത്തിയിൽനിന്നും പരമാവധി 285000/- രൂപ കരാറുകാരനിൽനിന്നും ഈടാക്കാവുന്നതാണ്. 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-15 ൽ ഫൈനൽ ബില്ലിൽനിന്നും ഫൈൻ ഈടാക്കണമെന്ന് നിർദ്ദേശിച്ചിരുന്നതാണ്. എന്നാൽ ഫൈനൽ ബില്ലിൽനിന്നും തുകയൊന്നും ഈടാക്കിയില്ല. ടിയാന് തനത് ഫണ്ടിൽനിന്നും നല്കേണ്ട 205200/- രൂപ ഇനിയും നല്കിയിട്ടില്ല. മാത്രമല്ല, ടിയാൻ സെക്യൂരിറ്റി ഡെപോസിറ്റായി നല്കിയ 145000/- രൂപയുടെ സ്ഥിര നിക്ഷേപ രശീതി തിരികെ നല്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ഫൈൻ ഇനത്തിൽ തുക വസൂലാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.സെക്യൂരിറ്റി ഡെപോസിറ്റായി നല്കിയ സ്ഥിര നിക്ഷേപ രശീതി പഞ്ചായത്തിൽനിന്നും നഷ്ടപ്പെട്ടു.

കരാറുകാരൻ സെക്യൂരിറ്റി ഡെപോസിറ്റായി പഞ്ചായത്തിൽ ലഭ്യമാക്കിയ 145000/- രൂപയുടെ സ്ഥിര നിക്ഷേപ രശീതി (Rt. No. 78731854317 dt.24-11-14) പഞ്ചായത്തിൽനിന്നും നഷ്ടപ്പെട്ടതായി ഫയലിൽനിന്നും വ്യക്തമാകുന്നു. മേൽ സെക്യൂരിറ്റി ഡെപോസിറ്റിന്റെ വിവരം ഡെപോസിറ്റ് രജിസ്റ്ററിൽ ചേർത്തതായും കാണുന്നില്ല. മേൽ സ്ഥിര നിക്ഷേപം ബാങ്കിൽനിന്നും പിൻവലിക്കപ്പെട്ടിട്ടുണ്ടോ എന്നറിയാനായി ബാങ്കിലേക്ക് കത്തെഴുതുകയും ആയതിന് നാളിതുവരെയായി നിക്ഷേപം പിൻവലിക്കപ്പെട്ടിട്ടില്ല എന്ന് ബാങ്ക് (SBI,Chavakkad) അറിയിക്കുകയും ചെയ്തിട്ടുണ്ട്.

3. കുടിവെള്ളം, വൈദ്യുതി എന്നിവക്ക് സംവിധാനം ഇല്ല.

കെട്ടിടത്തിലേക്ക് കുടിവെള്ളമെത്തിക്കാനായി 2017-18 ൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും നടപ്പായില്ല. വൈദ്യുതീകരണത്തിനും സംവിധാനമായിട്ടില്ല. എത്രയും വേഗം സൗകര്യങ്ങൾ ഏർപ്പെടുത്തി കെട്ടിടം ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

4. നിർമ്മാണത്തിലെ അപാകത

കെട്ടിടത്തിന്റെ ടോപ് റൂഫ് RCC വർക്ക് ചെയ്തപ്പോൾ പിൻവശത്ത് സൺഷെയ്ഡ് നല്കിയിട്ടില്ല. ആയതുകൊണ്ടുതന്നെ മഴ പെയ്യുമ്പോൾ ചുമരിലൂടെ മഴവെള്ളം ഒലിച്ചിറങ്ങുന്നതിനും ജനലിലൂടെ മഴവെള്ളം കെട്ടിടത്തിനുള്ളിലേക്ക് പ്രവേശിക്കുന്നതിനും ഇടയാകുന്നതാണ്. ഈ അപാകത എത്രയുംവേഗം കരാറുകാരന്റെ ചെലവിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം - നിർമ്മാണത്തിലെ പാകപ്പിഴകൾ

പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയത്തിന്റെ ഒന്നാം ഘട്ടം 2012-13 ലും, രണ്ടാം ഘട്ടം 2013-14 ലും, മൂന്നാം ഘട്ടം 2014-15 ലും പൂർത്തീകരിക്കുകയും ഇതിൽ വെറ്ററിനറി, കൃഷി, വി.ഇ.ഒ എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നു. ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

2012-13 Proj. No. 139/13 Rs. 1126909/-

2013-14 Proj.No. 23/14 Rs.3029171/-

2014-15 Proj.No. 60/15 Rs.765215/-

Total Rs. 4921295/-

പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി മണലൂർ നിയോജക മണ്ഡലം MLA ആയ ശ്രീ.പി.എ.മാധവന്റെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭിച്ച 25 ലക്ഷം രൂപ ഉപയോഗിച്ച് ഗ്രൗണ്ട് ഫ്ലോറിൽ പാർക്കിംഗും, ഒന്നാം നിലയിൽ ഓഫീസും എന്ന മാതൃകയിൽ ഓഫീസ് കെട്ടിടത്തിന്റെ പണി 2012-13 ൽ ആരംഭിക്കുകയും ആകെ 2485212/- രൂപ ചെലവഴിച്ച് 2017-18 ൽ പണി പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ ഓഫീസ് സമുച്ചയത്തിന്റെ പൂർണ്ണമായ പ്ലാൻ പ്രകാരം ഈ കെട്ടിടം 4921295/- രൂപ ചെലവഴിച്ച് മൂന്നു ഘട്ടങ്ങളിലായി പണിത കെട്ടിടവുമായി സംയോജിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഇതിനായി ഇവയ്ക്കിടയിലായി സ്ഥിതി ചെയ്യുന്ന കൃഷി വകുപ്പിന്റെ കീഴിലുള്ള കെട്ടിടം പൊളിച്ച് മാറ്റേണ്ടതുണ്ട്. ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെയായി അനുമതി ലഭിച്ചിട്ടില്ല. മേൽ പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പുതിയ പഞ്ചായത്ത് ഓഫീസിനായി പണിത കെട്ടിടത്തിൽ ടോയ് ലെറ്റ് ബ്ലോക്ക് പണിതിട്ടില്ല. ആയതുകൊണ്ടുതന്നെ ഓഫീസ് മാറ്റം സാധ്യമായിട്ടില്ല. നിലവിലുള്ള പ്ലാൻ പ്രകാരം ടോയ് ലെറ്റ് പണിയണമെങ്കിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള കെട്ടിടം പൊളിക്കേണ്ടതുണ്ട്.

2. മൂന്ന് ഘട്ടമായി പണിത കെട്ടിടത്തിൽ നാല് വർഷത്തോളമായി കൃഷി, വെറ്ററിനറി, വിഇഒ എന്നിവയുടെ ഓഫീസുകൾ പ്രവർത്തിക്കുന്നു. എന്നാൽ പ്ലാൻ പ്രകാരം ഈ കെട്ടിടം ദീർഘിപ്പിച്ച് പഞ്ചായത്ത് ഓഫീസ് കെട്ടിടവുമായി സംയോജിപ്പിക്കേണ്ടതിനാൽ കെട്ടിടത്തിന്റെ ഒരു വശത്ത് സൺഷെയ്ഡ് നിർമ്മിച്ചിരുന്നില്ല. ആയതിനാൽ മഴക്കാലത്ത് ചുമരിലൂടെ വെള്ളം ഒലിച്ചിറങ്ങുന്നതിനും ജനലിലൂടേയും വാതിലിലൂടേയും വെള്ളം ഓഫീസിനുള്ളിലേക്ക് വരികയും ചെയ്യുന്ന സ്ഥിതി വിശേഷമാണുള്ളത്. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ ഭൗതിക പരിശോധനയിൽ മുറികളിൽ വെള്ളം കെട്ടിനില്ക്കുന്നതായും ഭിത്തികൾ നനഞ്ഞ് കുതിർന്നതായും കാണപ്പെട്ടു. ജനലുകൾ, വാതിലുകൾ എന്നിവ ഏകദേശം പൂർണ്ണമായും നശിച്ച നിലയിലാണ്. സ്വിച്ചുകളിൽനിന്നും ഷോക്കേല്ക്കുന്നതിനുള്ള സാധ്യതയും തള്ളിക്കളയാനാകില്ല.

3. കെട്ടിടം നിലനിൽക്കുന്ന ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് അളന്ന് തിട്ടപ്പെടുത്തുന്നതിനും , ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനും, ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നതിനുമുള്ള സത്വര നടപടികൾ ഉണ്ടാവേണ്ടതാണ്.

വ്യക്തമായ പ്ലാനിംഗിന്റെ അഭാവവും, ആവശ്യമായ അനുമതികൾ ലഭിക്കുന്നതിനുമുൻപ് കെട്ടിടം പണി ആരംഭിച്ചതുമാണ് ഈ ദുരവസ്ഥക്ക് കാരണമായത്.

ആവശ്യമായ അനുമതികൾ എത്രയുംവേഗം ലഭിക്കുന്നതിനും കെട്ടിടംപണി പൂർത്തീകരിക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിന് കാലതാമസം വരുന്നപക്ഷം കൃഷി ഓഫീസും മറ്റും പ്രവർത്തിക്കുന്ന കെട്ടിടത്തിനുള്ളിലേക്ക് മഴവെള്ളം വരുന്നത് തടയാനും കെട്ടിടത്തിന്റെ സംരക്ഷണത്തിനുമുള്ള നടപടികൾ ഉണ്ടാവുന്നതിനായി ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-5 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2017-18 കാലയളവിൽ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ദുർബല ജനവിഭാഗങ്ങളുടെ ഭൂമിയിൽ കക്കൂസ് നിർമ്മാണം

ഈ പദ്ധതിയിൻകീഴിൽ 2017-18 വർഷത്തിൽ 38 എണ്ണം കക്കൂസുകൾ കക്കൂസൊന്നിന് ഏകദേശം 12000/- രൂപ ചെലവ് ചെയ്ത് നിർമ്മിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ മാർഗരേഖപ്രകാരം ടി പദ്ധതിയിൽ (I H H L) സ്വച്ച് ഭാരത് മിഷന്റെ ലക്ഷ്യ പ്രാപ്തിക്കായി IAY വീട്ടുകൾ, മറ്റ് സ്കീമുകൾ പ്രകാരം നിർമ്മിക്കുന്ന വീടുകൾ, സംസ്ഥാന സർക്കാരിന്റെ മറ്റ് ഭവന പദ്ധതികൾ എന്നിവയിൽ വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം കക്കൂസൊന്നിന് 12000/-രൂപ ചെലവ് ചെയ്യാവുന്നതും ആയതിന്റെ രൂപരേഖ സ്വച്ച് ഭാരത് മിഷന്റേതായിരിക്കുകയും വേണം. മാത്രമല്ല, സ്വച്ച് ഭാരത് മിഷൻ അല്ലെങ്കിൽ മറ്റ് പദ്ധതികൾ പ്രകാരം കക്കൂസ് നിർമ്മിക്കാത്ത എല്ലാവർക്കും, കക്കൂസ് നിലവിലില്ലായെങ്കിൽ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ നിർമ്മിച്ച് കൊടുക്കാവുന്നതും, ഇവക്ക് സ്വച്ച് ഭാരത് മിഷന്റെ ഫണ്ട് ലഭിച്ചിട്ടില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

സ്വച്ച് ഭാരത് മിഷന്റെ ഭാഗമായി നിലവിൽ വന്ന ODF പദ്ധതിക്കായി നടത്തിയ സർവ്വേയിൽ ആകെ ഒരു ഗുണഭോക്താവ് മാത്രമായിരുന്നു ഉൾപ്പെട്ടിരുന്നത്. ഇവർക്ക് ODF ന് കീഴിൽ കക്കൂസ് നിർമ്മിച്ച നല്കിയിരുന്നു.

എന്നാൽ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ 38 കക്കൂസുകൾ നിർമ്മിച്ച് നല്കിയതിൽ 30 വീടുകളിലും നിലവിൽ കക്കൂസ് ഉണ്ടായിരുന്നു. ആയതിനാൽ ഇപ്രകാരം കക്കൂസ് നിർമ്മിച്ച് നല്കിയത് മാർഗരേഖക്ക് വിരുദ്ധവും ദുർവിനിയോഗവുമാണ്.

2. "കാന കെട്ടി റോഡുകളുടെ സൈഡ് സംരക്ഷണം" എന്ന ഇനത്തിൽ 2017-18 കാലഘട്ടത്തിൽ നടപ്പാക്കിയ 9 പദ്ധതികൾക്കായി 456918/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കാന നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി മാത്രമാണ് നടന്നിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ മറ്റ് പ്രവൃത്തികളൊന്നുംതന്നെ നടന്നിട്ടില്ല. മെറ്റീരിയൽ, സ്കിൽഡ് ലേബർ എന്നിവയിലൊന്നും ചെലവ് വന്നിട്ടില്ല.ഒരു മഴക്കാലം കഴിയുമ്പോഴേക്കും ഈ കുഴികളിൽ വീണ്ടും മണ്ണ് നിറയുന്നതിനും കൂലിയിനത്തിൽ അനാവശ്യ ചെലവുണ്ടാകുന്നതിനും ഇത് ഇടയാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.7/21-7-18) മറുപടിയിൽ 2017-18 വർഷത്തെ മെറ്റീരിയൽ കംപോണൻന്റ് 40% അധികരിച്ചതിനാലാണ് ഈ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത് എന്നും 2018-19 വർഷത്തിൽ പൂർത്തീകരിക്കുന്നതാണ് എന്നുമാണ് അറിയിച്ചത്.

3. "തരിശ് ഭൂമി പച്ചക്കറിക്ക് ഉപയുക്തമാക്കൽ"എന്ന പദ്ധതിക്കായി 2017-18 വർഷത്തിൽ 7405538/- രൂപയും, "തരിശ് ഭൂമിയിൽ കരനെൽകൃഷി" എന്ന പദ്ധതിക്കായി 1404869/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ഭൂമികളിൽ കൃഷി നടന്നതിന്റെ യാതൊരു രേഖയും ഫയലിൽ ഇല്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഈ ഭൂമികളിൽ കൃഷി വകുപ്പിൽനിന്നുള്ള വിത്ത് ഉപയോഗിച്ച് കൃഷി നടത്തിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. എന്നാൽ ഇത്തരം ഒരു പദ്ധതി കൃഷി ഓഫീസർ നടത്തിയിട്ടില്ല. കൃഷി വകുപ്പിൽനിന്നും ഇതിനായി പ്രത്യേകം വിത്ത് വിതരണമൊന്നും നടത്തിയിട്ടില്ല. 2017-18 വർഷത്തിൽ 88,10,407/- രൂപ ചെലവഴിച്ച പ്രസ്തുത പദ്ധതികൾ ആയതുകൊണ്ടുതന്നെ ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെടുകയാണുണ്ടായത്.

പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതും, മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നതും, പൊതുപണം പാഴായിപോകുന്നില്ലെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-6 കൃഷി

പഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം തണ്ണീർത്തടങ്ങൾ,നെൽവയൽ,തടാകങ്ങൾ, കുളങ്ങൾ എന്നിവയിൽ അനധികൃതനികത്തലുകൾഉണ്ട്.ജലാശയങ്ങളിൽ പ്ലാസ്റ്റിക്, ഗാർഹിക മാലിന്യം എന്നിവ മൂലം മലിനീകരണം ഉണ്ട്.കാവുകൾ സംരക്ഷിക്കാതെ നശിക്കുന്നു.കുന്നിടിച്ച് മണ്ണും,ചെങ്കല്ലും എടുക്കുന്നു.കളിമണ്ണ് ഖനനം നടക്കുന്നു.കുടിവെള്ള വിൽപ്പനക്കായി ജലം ഊറ്റുന്നു. എന്നാൽ മേൽപ്പറഞ്ഞ കാര്യങ്ങളിൽ പ്രശ്നപരിഹാരത്തിനായി യാതൊരു പദ്ധതിയും

നടപ്പാക്കിയിട്ടില്ല.മണ്ണ്,ജലസംരക്ഷണം,പരിസ്ഥിതി സംരക്ഷണം,നീർത്തടപരിപാലനം,വനവൽക്കരണം എന്നിവക്കായി പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

പഞ്ചായത്തിൽ നീർത്തടമാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല.വികസനസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 8.2.18 ലെ 1(1)/18 തീരുമാനപ്രകാരം ബ്ളോക്ക് പഞ്ചായത്തിൽ നീർത്തടാധിഷ്ഠിതമാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനാൽ നീർത്തടാധിഷ്ഠിതമാസ്റ്റർ പ്ളാൻ തയ്യാറാക്കൽ പദ്ധതി (202/18) ഉപേക്ഷിക്കുവാൻ തീരുമാനിച്ചു.മാസ്റ്റർ പ്ലാൻ തയ്യാറാക്കിയാൽ മാത്രമേ തണ്ണീർത്തടങ്ങൾ സംരക്ഷിച്ചുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയൂ.

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ തരിശുഭൂമിയുടെ വിവരം ലഭ്യമല്ല.എന്നാൽ കൃഷിയോഗ്യമായ തരിശുഭൂമി 50 ഹെക്ടർ ആണ് എന്ന് ചേർത്തിട്ടുണ്ട്.എന്നാൽ കൃഷി ഓഫീസിൽ ആകെ തരിശുഭൂമി,പഞ്ചായത്തിന്റെ കൈവശമുള്ള തരിശുഭൂമി എന്നീ വിവരങ്ങൾ ഇല്ല.കൃഷിയോഗ്യമായ തരിശുഭൂമി 15 ഹെക്ടർ ആണ് എന്നാണ് കൃഷി ഓഫീസർ ലഭ്യമാക്കിയ വിവരം.175 ഹെക്ടർ നെൽവയലുകളിൽ158 ഹെക്ടർമാത്രമാണ് കൃഷി ചെയ്യുന്നത്.17 ഹെക്ടർ കൃഷി ചെയ്യുന്നില്ല.കൃഷിയോഗ്യമായ ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം തരിശുഭൂമി പച്ചക്കറികൃഷിക്ക് ഉപയുക്തമാക്കുന്നതിന് നിലമൊരുക്കൽ, കരനെൽകൃഷിക്ക് നിലമൊരുക്കൽ എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആയതിന് വിത്ത്,വളം ലഭ്യമാക്കി തുടർ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല.തൊഴിലുറപ്പ് പദ്ധതികൾ കൂടി ഉപയോഗപ്പെടുത്തുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കൃഷിക്ക് ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കാരക്കുളം ചോരക്കുളം ആളൂർ ഏരുകുഴി പമ്പ് ഹൗസിലേക്ക് മോട്ടോർ വാങ്ങൽ(193/18)പദ്ധതി തയ്യാറാക്കിയെങ്കിലും നടപ്പാക്കിയില്ല.പമ്പ് ഹൗസ് നിർമ്മാണം 2016-17 മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയായിരുന്നെങ്കിലും നാളിതുവരെ നടപ്പാക്കിയിട്ടില്ല.ആയത്2018-19 ലേക്ക് പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.ഈ പമ്പ് ഹൗസിലേക്ക് വൈദ്യുതി ലൈൻ വലിക്കൽ 2016-17 മുതൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയായിരുന്നുവെങ്കിലും നടപ്പാക്കിയില്ല. ഇനിയും നിർമ്മാണം പോലും നടന്നിട്ടില്ലാത്ത പമ്പ് ഹൗസിലേക്ക് മോട്ടോർ വാങ്ങൽ പദ്ധതി തയ്യാറാക്കിയത്.പദ്ധതി ആസൂത്രണത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല.

കൃഷിയിടജലസേചനത്തിനായി 16വ്യക്തിഗതഗുണഭോക്താ ക്കൾക്കായി മോട്ടോർപമ്പ് സെറ്റുകൾ നൽകിയിട്ടുണ്ട്.

പഞ്ചായത്തിൽ കർഷകർക്ക് പഴം,പച്ചക്കറി വിപണനത്തിനായി വിപണി ആവശ്യമുണ്ടെന്ന വർക്കിംഗ് ഗ്രൂപ്പിന്റെ ശുപാർശപ്രകാരം പദ്ധതി ആസൂത്രണം ചെയ്തെങ്കിലും നടപ്പാക്കിയിട്ടില്ല.

## 3-7 മൃഗസംരക്ഷണം

1. വെറ്ററിനറി ഡോക്ടർ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം (57/18) എന്ന പദ്ധതി 100 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുവാനായി വർക്കിംഗ് ഗ്രൂപ്പിന്റെ (മൃഗസംരക്ഷണവും, ക്ഷീരവികസനവും --21.4.17ലെ 1തീരുമാനം) ശുപാർശ പ്രകാരം ആവിഷ്കരിച്ചതാണ്. എന്നാൽ തയ്യാറാക്കിയതാകട്ടെ 74 പേരുടെ ലിസ്റ്റാണ്. 39 പേർ മാത്രമാണ് രേഖകൾ സമർപ്പിച്ചത്. 15 പേരുടെ അധികലിസ്റ്റ് ഭരണസമിതി ലഭ്യമാക്കുകയും 11 വ്യക്തികൾക്ക് ആനുകൂല്യം നൽകുകയും ചെയ്തു.അധികലിസ്റ്റിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങി. പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ മൃഗാശുപത്രിയിലെ ജനനരജിസ്റ്റർ ആധാരമാക്കിയിട്ടില്ല. മാത്രമല്ല മുൻവർഷങ്ങളിൽ പഞ്ചായത്തും, മൃഗസംരക്ഷണവകുപ്പും മുഖേന എത്ര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട് എന്ന അടിസ്ഥാനവിവരത്തിന്റെ അഭാവമാണ് ഇത്തരത്തിൽ വീണ്ടും ലിസ്റ്റ് തയ്യാറാക്കേണ്ടി വരുന്നതിന് കാരണം.

ഈ പദ്ധതി പ്രകാരം 625000 രൂപ (ബിൽ നം.- P4-2017-18SLBP/22.2.18) ഡപ്യൂട്ടിഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരം 50 ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിച്ചിട്ടുണ്ട് എന്ന് നിർവഹണഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. വിനിയോഗ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ചെലവ് തുക തടസത്തിൽ വെക്കുന്നു.

2.ആട് വളർത്തൽ --വനിത(ജനറൽ)--65/18

240 പേർക്ക് ആനുകൂല്യം നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചുവെങ്കിലും 144 പേരടങ്ങുന്ന ലിസ്റ്റാണ് ഭരണസമിതി ലഭ്യമാക്കിയത്. വികസനഫണ്ട് 1200000 രൂപ വകയിരുത്തിയ പദ്ധതിയിൽ സഹായം നൽകിയത് 35 പേർക്കുമാത്രമാണ്. 175000രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. ആനുകൂല്യം ആവശ്യമുള്ളവരുടെ ലിസ്റ്റ് യാഥാർത്ഥ്യബോധത്തോടെ അടിസ്ഥാനവിവരങ്ങൾ ലഭ്യമാക്കി തയ്യാറാക്കിയിരുന്നുവെങ്കിൽ ഈ തുക പഞ്ചായത്തിന്റെ മറ്റ് വികസനആവശ്യങ്ങൾക്ക് ചെലവഴിക്കാമായിരുന്നു.

3.മൃഗാശുപത്രിയിലേക്ക് മരുന്നുവാങ്ങൽ(60/18)

ബിൽ നം -- P5-2017-18/28.2.18 –200000രൂപ

ഈ പദ്ധതിക്കായി ടെണ്ടറിൽ പങ്കെടുത്ത Cure and Care Agencies, Palakkad എന്ന സ്ഥാപനം നിരതദ്രവ്യമായി ഹാജരാക്കിയ 5000രൂപയുടെ ഡിഡി (HDFC ബാങ്ക്,പാലക്കാട്--025931/11.09.17) പണമാക്കി പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവ് വക്കാതെ ഡിഡി ആയി ഇപ്പോഴും ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ഈ സ്ഥാപനവുമായി മരുന്ന് സപ്ലൈ ചെയ്യുന്നതിന് 4.1.18 ന് കരാർ വച്ചു. എന്നാൽ ഡിഡിയുടെ കാലാവധി കഴിഞ്ഞിരുന്നു.ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്കിന്റെ അല്ലാത്ത ഡിഡി ടെണ്ടറിനോടൊപ്പം ഹാജരാക്കിയത് യാതൊരു പരിശോധനയും കൂടാതെ സ്വീകരിച്ചു.നിരതദ്രവ്യം ആയി ലഭിച്ച തുക പഞ്ചായത്ത് അക്കൗണ്ടിൽ നിക്ഷേപിക്കാതിരുന്നത് ശരിയായ നടപടിയല്ല.

ഈ പദ്ധതി പ്രകാരം ടെണ്ടർ സമർപ്പിച്ചവർ ടെണ്ടർ ഫോം വിലയായി 500+90(നികുതി)അടവാക്കി. 3 സ്ഥാപനങ്ങൾ അടവാക്കിയ ഈ തുക Bidders EMD ഇനത്തിൽ ഉൾപ്പെടുത്തി വാർഷികകണക്ക പ്രകാരം Liability ഇനത്തിൽ കാണിച്ചിട്ടുണ്ട്. ആയത് (500x3)പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വയ്ക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.വെറ്ററിനറി സർജൻ നടപ്പാക്കിയ മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | അടങ്കൽ | ബിൽ നം,തുക |
|---|---|---|
| കറവപ്പശു വളർത്തൽ<br>(62/18) | വി ഫണ്ട്--150000<br>വായ്പ -- 250000 | P9-2017-18/21.3.18--45000 |
| പോത്തുകുട്ടി വിതരണം എസ് സി(113/18) | വി ഫണ്ട്(എസ് സി)-- 90000 | P7-2017-18/15.3.18--75000 |
| പോത്തുകുട്ടി വിതരണം(112/18) | വി ഫണ്ട്--200000 | P6-2017-18-/15.3.18-25000<br>P3-2017-18/12.1.18-- 90000 |
| ആട്ടുവളർത്തൽ വനിത(ജനറൽ) | വി ഫണ്ട്--1200000 | P8-2017-18/15.3.18–100000<br>P2-2017-18/12.1.18-- 75000 |

മേൽപ്പറഞ്ഞ പദ്ധതികളുടെ ഫയലിൽ ആവശ്യമുള്ള രേഖകൾ ഇല്ല.

1.പർച്ചേസിംഗ് കമ്മറ്റി യോഗത്തിൽ തീയതി ഇല്ല. പല തീരുമാനങ്ങളിലും വ്യക്തികളുടെ പേരുകൾ ഇല്ല, പകരം ഒപ്പുകൾ മാത്രമാണ് ഉള്ളത്.

2.സപ്ലയറുടെ സാക്ഷ്യപത്രം ഇല്ല. സപ്ലൈ ചെയ്ത സ്ഥലത്തെ വെറ്ററിനറിസർജന്റെ സാക്ഷ്യപ്പെടുത്തൽ ഇല്ല.

3.ഉരുക്കൾ ഗുണനിലവാരമുള്ളവയാണെന്ന് വെറ്ററിനറിസർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.ഗുണഭോക്താക്കളുടെ രസീതിൽ സ്ഥലം, തീയതി, കൈപ്പറ്റിയവയുടെ എണ്ണം എന്നിവ ഇല്ല.

5.ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം ഇല്ല.

പദ്ധതികൾ നടപ്പാക്കുമ്പോൾ എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ടെന്നും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആയത് ലഭ്യമായി എന്നും നിർവഹണദ്യോഗസ്ഥനും, മോണിറ്ററിംഗ് കമ്മറ്റിയും ഉറപ്പുവരുത്തേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-8 ക്ഷീരവികസനം

ക്ഷീരവികസനഓഫീസർ നടപ്പാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (121/18) എന്ന പദ്ധതി ക്ഷീരവകുപ്പിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പരമാവധി 30000 രൂപ പരിധിയിൽ സബ്സിഡി ബ്ലോക്ക്-ജില്ലാപഞ്ചായത്തുകളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിനാണ് തയ്യാറാക്കിയത്. ആദ്യം 30പേരടങ്ങുന്ന ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കി, 20പേർക്ക് ആനുകൂല്യം നൽകി. പിന്നീട് പഞ്ചായത്തിലെ ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകരും ഉൾപ്പെട്ടിട്ടില്ല എന്ന കാരണത്താൽ 80 പേരുടെ ലിസ്റ്റ് ഭരണസമിതി (7.12.17 ലെ2(1)/17തീരുമാനം) ലഭ്യമാക്കുകയും 58 വ്യക്തികൾക്ക് സഹായം നൽകുകയും ചെയ്തു. ഈ ലിസ്റ്റിന് പിന്നീട് ഗ്രാമസഭാ സാധൂകരണം ലഭ്യമാക്കുകയാണ് ചെയ്തത്. പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ തന്നെ പഞ്ചായത്തിലെ മുഴുവൻ ക്ഷീരകർഷകരെയും ഉൾപ്പെടുത്തി ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുവാൻ ശ്രദ്ധിച്ചിട്ടില്ല. അടിസ്ഥാനവിവരശേഖരണത്തിന്റെ അഭാവമാണ് ഇത്തരം പ്രശ്നങ്ങൾക്കു കാരണം.

## 3-9 വൈദ്യുതി,പ്രാദേശികവികസനം

സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1.പട്ടണപ്പുര തടയണനിർമ്മാണം --ബ്ലോക്കിന് വിഹിതം നൽകൽ(183/18)

ബിൽ നം -35/14.3.18 – 200000 രൂപ

തുക ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയെങ്കിലും രസീത് ലഭിച്ചിട്ടില്ല. സംയുക്തപ്രോജക്ടിനായി ബ്ലോക്ക് വിശദമായ പദ്ധതി തയ്യാറാക്കിയതായി കാണുന്നില്ല. ബ്ലോക്ക് പഞ്ചായത്തുമായി കരാർ വച്ചിട്ടില്ല. പഞ്ചായത്ത് പദ്ധതി പുരോഗതി വീക്ഷിക്കേണ്ടതും, യഥാസമയം പദ്ധതി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

2.നിലവിലെ സ്ലീറ്റ് മെയിൻ വലിക്കൽ(S090/18)

തെരുവുവിളക്കിനായി പ്രത്യേക ലൈൻ വലിക്കുന്നു.

അടങ്കൽ -- വി.ഫണ്ട്-- 1700000(ധനകാര്യകമ്മീഷൻ ഗ്രാന്റ് )

-- 500000(ജില്ലാപഞ്ചായത്ത് വിഹിതം)

വി.ഫണ്ട്-- 550000

---------------------------

2750000

ചെലവ് വിവരങ്ങൾ

| ബിൽ നം,തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|
| 26/25.1.18–706675 | കെ എസ് ഇ ബി,പാവറട്ടി സെക്ഷൻ |
| 1920179/31.3.18–496520(ചെക്ക് നം- ജില്ലാ പഞ്ചായത്ത് ) | കെ എസ് ഇ ബി,കുനംമൂച്ചി സെക്ഷൻ |
| 21/27.10.17-- 993325 | കെ എസ് ഇ ബി,കുനംമൂച്ചി സെക്ഷൻ |

തൻവർഷം മേൽപ്രകാരം തുക അടവാക്കിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. മാത്രമല്ല ബിൽനം 21,26 പ്രകാരം മാറിയ തുകകൾ അഡ്വാൻസ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. പ്രവൃത്തി യഥാസമയം കരാർ പ്രകാരം തന്നെ ചെയ്തു തീർക്കുന്നുവെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

ഈ പ്രവൃത്തികൾക്കായി കുനംമൂച്ചി,പാവറട്ടി സെക്ഷനുകൾ ലഭ്യമാക്കിയ എസ്റ്റിമേറ്റിൽ ഒരേ ഇനങ്ങൾക്ക് വ്യത്യസ്ത നിരക്ക് ചേർത്തിട്ടുണ്ട്.

| ഇനം | പാവറട്ടി നിരക്ക് | കുനംമൂച്ചി നിരക്ക് |
|---|---|---|
| Installing Automatic Control Box | 6500 | 10600 |

10600 നിരക്കിൽ 7എണ്ണവും 6500 നിരക്കിൽ 16 എണ്ണവും സ്ഥാപിക്കുന്നതിന് ആണ് എസ്റ്റിമേറ്റ് ഇത്തരത്തിൽ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കുകൾ ഈടാക്കുന്നത് പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

3.തെരുവുവിളക്ക് പരിപാലനം -- അവശ്യരേഖകൾ ഇല്ല

തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 3 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്.

1.തെരുവുവിളക്ക് പരിപാലനം--സാധനസാമഗ്രികൾ വാങ്ങൽ(146/18)

ബിൽ നം-- 22/27.10.17-- 99498

ബിൽ നം-- 27/25.1.18-- 169701

മെഗാലക്സ് ഇൻഡസ്ട്രീസ് പാലക്കാട്, ഇലക്ട്രോമെറ്റ് ട്രേഡിംഗ് കമ്പനി ആലുവ എന്നീ സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങൾ

വാങ്ങി.

2.തെരുവുവിളക്ക് വാങ്ങൽ (S088/18)

ബിൽ നം-- 19/13.10.17-- 665630

ബിൽ നം-- 41/31.3.18-- 2568

ക്രൂസിൽ നിന്ന് സാധനങ്ങൾ വാങ്ങി .

3.തെരുവുവിളക്ക് അറ്റകുറ്റപ്പണി(S089/18)

ബിൽ നം-- 44/31.3.18-- 68015

വൗച്ചർ നം-- 21701156/31.3.18-- 29216

വൗച്ചർ നം-21700691/20.12.17–200596

തെരുവുവിളക്കുകൾ റിപ്പയർ ചെയ്യതിന് കരാറുകാരന് നൽകി.

പഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ് ഇനത്തിൽ പ്രതിമാസം 67067 രൂപ അടവാക്കുന്നു. എന്നാൽ പഞ്ചായത്തിൽ തെരുവുവിളക്കുകളുടെ എണ്ണം, ഇനംകാണിക്കുന്ന രജിസ്റ്ററോ, ആസ്തി രജിസ്റ്ററോ ഇല്ല. പഞ്ചായത്തിലെ പോസ്റ്റ് നം., വിളക്കിന്റെ എണ്ണം എന്നി വ ലഭ്യമല്ല. കെ എസ് ഇ ബിയുടെ ഇൻവോയ്സ് കാർഡ് ഇല്ല. ഓഡിറ്റിന് ഹാജരാക്കിയ സ്ലിപ് പ്രകാരം തെരുവുവിളക്കുകൾ താഴെച്ചേർക്കുംപ്രകാരമാണ്.

| ഇനം | എണ്ണം |
|---|---|
| Flourescent 2*40 | 17 |
| CFL2*11 | 1487 |
| CFL 2*36 | 147 |
| SVL 80w | 3 |
| Mercury Lamp 250w | 3 |

കൂടാതെ ഹൈമാസ്റ്റ് വിളക്കും പഞ്ചായത്തിലുണ്ട്.

2016-17ൽ തെരുവുവിളക്കുകൾക്കായി വാങ്ങിയ ഇനങ്ങളിൽ ബാക്കിയുള്ളവ

| | |
|---|---|
| CFL36w 14 | 14 |
| CFL11w | 340 |
| LDR | 40 |
| CFL Holder pin | 80 |

2017-18 ൽ വാങ്ങിയവ

| ഇനം | എണ്ണം | സ്ഥാപനം |
|---|---|---|
| LED light 24w | 184 | KREWS |
| LED light 24w | 150 | KREWS |
| PCB | 275 | Megalux |
| LDR | 100 | Megalux |
| CFL11w 4Pin | 1500 | Electromet |
| CFL18wbulb | 100 | Electromet |
| PCB | 197 | Electromet |
| CFL20w Crompton | 100 | Electromet |

കൂടാതെ LDR cutoff board, service wire എന്നിവയും വാങ്ങി. മേൽപ്പറഞ്ഞവയിൽ ഭൂരിഭാഗവും ഉപയോഗിച്ചതായി രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.

പഞ്ചായത്തിൽ പരാതി രജിസ്റ്റർ ഇല്ല. എവിടെ ഏതൊക്കെ വിളക്കുകളാണ് കേടായത് എന്ന് രേഖയില്ല. റിപ്പയർ ചെയ്യതായി കരാറുകാരൻ അവകാശപ്പെട്ട വിളക്കുകൾ എത്ര എണ്ണം പഞ്ചായത്തിൽ ഉണ്ടെന്നറിയില്ല. വിതരണം ചെയ്യുന്ന ഇനങ്ങൾ എന്ന്,

എവിടെ റിപ്പയർ ചെയ്യുന്നതിന് കരാറുകാരന് നൽകി എന്ന് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

പഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് നടപ്പാക്കിയിട്ടില്ല.

തെരുവുവിളക്കുകൾക്ക് ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. റിപ്പയറിനായി പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് നടപ്പാക്കി ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രമേ ചാർജ് അടവാക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-10 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി - വർക്കിംഗ് ഗ്രൂപ്പുകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(iii)പ്രകാരം ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിപട്ടികജാതി-പട്ടികവർഗ വികസനം ,സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാ പ്രവർത്തനം, ചേരി പരിഷ്കരണം, ദാരിദ്ര്യ നിർമാർജ്ജനം, പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാകുന്നു.

13-ാം പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തീ 29.3.2017 ൽ അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്. പദ്ധതി ആസൂത്രണവും മോണിറ്ററിങ്ങുമായി ബന്ധപ്പെട്ട് ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യനീതി ( ഭിന്നശേഷിയുള്ളവർ, വൃദ്ധർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം മുതലായവ), വനിതാ വികസനം, പട്ടികജാതി വികസനം, പട്ടിക വർഗ്ഗ വികസനം, എന്നീ വിഷയങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കാണ് .

പ്രോജക്ടുകളുടെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും സമർപ്പിക്കണം. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നതായും പദ്ധതികളുടെ നടത്തിപ്പ് ഘട്ടങ്ങളിലോ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിലോ ശ്രദ്ധ ചെലുത്തുന്നതായോ കാണുന്നില്ല.

2017-18 സാമ്പത്തിക വർഷത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ആകെ 14 യോഗങ്ങളും സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ ദാരിദ്ര്യ ലഘൂകരണം 4 ഉം, സാമൂഹ്യക്ഷേമം 3 ഉം, പട്ടികജാതി വികസനം 3 ഉം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം 3 ഉം വീതം വർക്കിംഗ് ഗ്രൂപ്പുകളാണ് കൂടിയിട്ടുള്ളത്. മിനിട്സിൽ പലതിലും ഹാജർനില മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് ചർച്ച വിഷയങ്ങളോ യോഗ തീരുമാനങ്ങളോ രേഖപ്പെടുത്തുന്നില്ല. മാത്രമല്ല പല വർക്കിംഗ് ഗ്രൂപ്പുകളിലും വർക്കിംഗ് ഗ്രൂപ്പ് ചെയർമാനോ കൺവീനറോ പങ്കെടുക്കുന്നതായും കാണുന്നില്ല.

## 3-11 എസ്. സി പെൺകുട്ടികൾക്ക് വിവാഹധനസഹായം- അധിക തുക അനുവദിച്ചു.

പ്രോ. നം 102/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നം. 7/AS/17-18 തിയതി 20.9.17 തുക 150000

ബിൽ നം. 8/AS/17-18 തിയതി 27.9.17 തുക 150000

പഞ്ചായത്ത് രാജ് / നഗരപാലിക സ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സബ്സിഡി മാർഗ്ഗരേഖ സ.ഉ(എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ തിയതി 3.4.17, ഖണ്ഡിക 11.5 പ്രകാരം 75000 രൂപയാണ് വിവാഹധനസഹായം. 01.04.2017 ന് മുൻപ് നടന്ന വിവാഹങ്ങൾക്കും അർഹതയുള്ള 50000/-രൂപയ്ക്ക് പകരം ഇതേ തുക തന്നെ നൽകി കാണുന്നു. ഇപ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അധികമായി അനുവദിച്ച 75000 (25000x3) രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരു വിവരം | വിവാഹം നടന്ന തിയതി |
|---|---|
| ലീല സത്യൻ<br>ചിറ്റിലപ്പിള്ളി ഹൌസ്<br>മറ്റം | 1.2.17<br>( സർട്ടിഫിക്കറ്റ് നമ്പർ 806/17) |
| അപ്പുക്കുട്ടൻ.പി.പി | 3.2.17 (സർട്ടിഫിക്കറ്റ് നം. 1395/17) |

| | |
|---|---|
| പുളിക്കൽ ഹൌസ്<br>ആളൂർ | |
| രാധ തങ്കപ്പൻ<br>തിരുവത്ര ഹൌസ്<br>ആളൂർ | 26.3.17 (സർട്ടിഫിക്കറ്റ് നം. 1978/17) |

## 3-12 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 24 അംഗൻവാടികളുണ്ട്. ഇതിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് 22 ഉം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് 2 എണ്ണവുമാണ്. ഇതിൽ 4 എണ്ണത്തിന് ടോയ് ലറ്റ് സൗകര്യമില്ല. 7 എണ്ണത്തിന് ചുറ്റുമതിൽ ഇല്ല. കൂടാതെ 8 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കുടിവെള്ള സൌകര്യമുള്ളത്. മറ്റുള്ളവ പൊതു കിണർ/ ടാപ്പ് എന്നിവയാണ് ആശ്രയിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും/ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-13 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി

കുടിവെള്ളം-ശുചിത്വം വർക്കിംഗ് ഗ്രൂപ്പ്

14 അംഗങ്ങളുള്ള വർക്കിംഗ് ഗ്രൂപ്പിൽ വിഷയവിദഗ്ദർ ആരുംതന്നെയില്ല. 2017-18 വർഷത്തിൽ ആകെ 5 തവണ യോഗം ചേർന്നെങ്കിലും രണ്ട് തവണ ക്വാറം തികഞ്ഞിരുന്നില്ല. വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടാത്തവരും ഹാജർ ബുക്കിൽ ഒപ്പു വെച്ചതായി കാണുന്നു. പലതിലും മീറ്റിംഗ് തിയ്യതിയുടെയും, മീറ്റിംഗ് തീരുമാനത്തിന്റേയും ഭാഗങ്ങൾ ഒഴിച്ചിട്ടിരിക്കയാണ്. ആയതിനാൽ യഥാർത്ഥത്തിൽ യോഗങ്ങൾ ചേർന്നിരുന്നുവോ അഥവാ വെറുതെ അംഗങ്ങളെക്കൊണ്ട് ഒപ്പ് വെപ്പിക്കുക മാത്രമാണോ നടന്നത് എന്നത് വ്യക്തമല്ല. പ്ലാസ്റ്റിക് നിരോധനം, സെപ്റ്റിക് മാലിന്യ സംസ്കരണം, കോഴിക്കടകൾ, അറവുശാലകൾ എന്നിവിടങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം, പൊതുകുളങ്ങളുടേയും കിണറുകളുടേയും സംരക്ഷണം എന്നിവയെല്ലാം വർക്കിംഗ് ഗ്രൂപ്പിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ഇവയിൽ മിക്കവയും അന്തിമ പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയില്ല. വർക്കിംഗ് ഗ്രൂപ്പ് പദ്ധതിരൂപീകരണത്തിന് ശേഷം മോണിറ്ററിംഗ് സമിതിയായി മാറി മോണിറ്ററിംഗ് നടത്തിയിട്ടില്ല.

കുടിവെള്ള പദ്ധതികൾ - അവലോകനം

വർക്കിംഗ് ഗ്രൂപ്പിലും, 20-5-17 ലെ വികസന സെമിനാറിലും കുടിവെള്ള പ്രശ്നമാണ് പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രശ്നമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. താരതമ്യേന ഉയർന്ന ഭൂപ്രകൃതിയുള്ള ഈ പഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 13-10-17 ലെ തീരുമാനം 4 പ്രകാരം സ്പിൽ ഓവർ കുടിവെള്ള പദ്ധതികളുടെ ഗുണഭോക്തൃസമിതികൾ വിളിച്ചുചേർത്ത് പ്രവൃത്തികൾ എത്രയും വേഗം നടപ്പിലാക്കുന്നതിനുവേണ്ട ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മറ്റി നടത്തുന്നതിനും, കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ കണ്ടെത്തുന്നതിന് ഒരു സർവ്വേ നടത്തുന്നതിനും ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ ഭരണസമിതി ചർച്ച നടത്തിയതായോ തീരുമാനമെടുത്തതായോ കാണുന്നില്ല.

കുടിവെള്ള പദ്ധതികൾ, പൊതുകുളങ്ങൾ, പൊതുകിണറുകൾ എന്നിവയുടെ കണക്കുകൾ ലഭ്യമല്ല.

പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പ്രകാരം 47 കുടിവെള്ള പദ്ധതികൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2012-13 മുതൽ 2017-18 വരെയുള്ള കാലഘട്ടത്തിലെ പദ്ധതികൾ പരിശോധിച്ചതിൽ സജീവമായ 22 പദ്ധതികൾ മാത്രമേ കാണുന്നുള്ളൂ. 2017-18 വർഷത്തെ കുടിവെള്ളം, ശുചിത്വത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 9 പൊതുകുളങ്ങൾ, 49 പൊതുകിണറുകൾ എന്നിങ്ങനെയാണ് കാണിച്ചിരിക്കുന്നത്. അതേസമയം, കൃഷിയുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ 24 പൊതു കുളങ്ങൾ, 7 പൊതുകിണറുകൾ എന്നിങ്ങനെയാണ് കാണിച്ചിരിക്കുന്നത്. കുടിവെള്ള പദ്ധതികളെക്കുറിച്ച് സ്റ്റാറ്റസ് റിപ്പോർട്ടിൽ എവിടേയും പരാമർശിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ പഞ്ചായത്തിൽ ആകെയുള്ള കുടിവെള്ള പദ്ധതികൾ, പൊതുകിണറുകൾ, കുളങ്ങൾ എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും (No.25/23-7-18) ആയതിന് നല്കിയ മറുപടിയിൽ ഇതിന്റെ വിവരം അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാം എന്നാണ് അറിയിച്ചത്.

ഇത്തരത്തിൽ പഞ്ചായത്തിനെ സംബന്ധിച്ച ഏറ്റവും അടിസ്ഥാന വിവരങ്ങൾ പോലും ലഭ്യമല്ല, എന്നിരിക്കെ ഫലവത്തായ പദ്ധതി ആസൂത്രണവും നടത്തിപ്പും അസാധ്യമാണ് എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - അപാകതകൾ

2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 10 കുടിവെള്ള പദ്ധതികൾ, 10 പൊതുകിണറുകളുടെ നവീകരണം എന്നിവയിൽ ഒറ്റ പദ്ധതിപോലും ആ വർഷം നടപ്പാക്കാനായില്ല. ഇവയെല്ലാം 2017-18 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തുകയായിരുന്നു. ഇവയിൽ 3 കുടിവെള്ള പദ്ധതികളുടേയും, ഒരു പൊതുകിണറിന്റേയും പണി മാത്രമാണ് 2017-18 ൽ ഭാഗികമായെങ്കിലും പൂർത്തിയാക്കാനായത്.

പഞ്ചായത്തിന്റെ ഏറ്റവും അടിസ്ഥാന ആവശ്യമായ കുടിവെള്ള പദ്ധതികൾ പോലും സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും ഇടപെടലുകളുടെ അഭാവം വിളിച്ചോതുന്നതാണ്.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

2017-18 വാർഷിക പദ്ധതിയിലുൾപ്പെട്ട കരിയന്നൂർ-ഞാലിൽ കുടിവെള്ള പദ്ധതിക്ക് വേണ്ടി കുഴൽ കിണർ പണിതത് 5 വർഷങ്ങൾക്ക് മുൻപാണ്. എന്നാൽ തുടർപ്രവൃത്തികൾക്ക് 2016-17 വർഷത്തിൽ ഫണ്ട് വകയിരുത്തിയെങ്കിലും ആ വർഷം നടന്നില്ല. 2016-17 ലെ എസ്റ്റിമേറ്റിൽ നിലവിലുള്ള കുഴൽകിണറിൽ മോട്ടോർ സ്ഥാപിക്കൽ, പമ്പ് ഹൗസ് നിർമ്മാണം, വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയെല്ലാം ഉൾപ്പെടുത്തിയിരുന്നെങ്കിലും, മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തിയും, വൈദ്യുതീകരണവും 2017-18 വർഷത്തിലും പൂർത്തീകരിക്കാനായിട്ടില്ല.

ഓരോ വർഷത്തേയും പദ്ധതി മാർഗ്ഗരേഖയിൽ ഒരു പദ്ധതി നടപ്പിലാക്കാൻ വേണ്ട മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തിയാവണം എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ എന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പദ്ധതികൾ വാർഡ് അടിസ്ഥാനത്തിൽ വീതം വെക്കേണ്ടി വരുന്നതിനാൽ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിവരികയും അപൂർണ്ണമായി മാത്രം നടപ്പാക്കേണ്ടിയും വരുന്നു. ഇത് കാലതാമസവും ഉണ്ടാക്കുന്നു.

## 3-14 പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ശേഖരിക്കൽ - പദ്ധതി നടപ്പിലാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോ. നം 166/18

ബിൽ നം. 18/AS/17-18 തിയതി 22.1.18 തുക 160000

പദ്ധതി പ്രകാരം പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് തരം തിരിച്ച് അംഗീകൃത വാങ്ങലുകൾക്ക് നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. കുടുംബശ്രീ സി ഡി എസ് മുഖേനയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് കുടുംബശ്രീ സി ഡി എസ് ന്റെ അക്കൌണ്ടിൽ തുക നിക്ഷേപിച്ചു. പ്ലാസ്റ്റിക് ഖരമാലിന്യം ശേഖരിക്കുന്നതിന് കുടുംബശ്രീ അംഗങ്ങൾക്ക് 3 ദിവസത്തെ പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുകയും 4 ഗ്രൂപ്പുകളിലായി 32 അംഗ ഹരിത കർമ്മസേന രൂപീകരിക്കുകയും ചെയ്തു. ഈ സമിതിയുടെ പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ജോയിന്റ് അക്കൌണ്ടിലേക്ക് സി ഡി എസ് ന്റെ അക്കൌണ്ടിൽ നിന്നും 5000 രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് ഖരമാലിന്യം ശേഖരിച്ച് സൂക്ഷിക്കുന്നതിനായി പ്ലാസ്റ്റിക് സംഭരണ കേന്ദ്രം നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ചത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ ഹരിത കർമ്മസേന വാർഡുകളിൽ ഫീൽഡ് തല പ്രവർത്തനം നടത്തുന്നതിനോ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനോ സാധിച്ചിട്ടില്ല.

അടിസ്ഥാന സൗകര്യം പോലും ഇല്ലാതെ പദ്ധതി നടപ്പിലാക്കാൻ സാധിക്കില്ല എന്നിരുന്നിട്ടും പദ്ധതിയ്ക്കായി തുക പിൻവലിച്ച് കൈമാറിയത് പദ്ധതി ആസൂത്രണത്തിലെ പിഴവായി മാത്രമേ ഓഡിറ്റിൽ വിലയിരുത്താൻ സാധിക്കൂ.

## 3-15 പാലിയേറ്റീവ് പരിചരണത്തിനായി ലഭിച്ച തുക ചെലവഴിക്കാത തിരിച്ചടച്ചു

2016-17 വർഷത്തിൽ പെയിൻ പാലിയേറ്റീവ് പദ്ധതിയ്ക്കായി ബ്ലോക്ക് പഞ്ചാത്ത് വിഹിതമായി ലഭ്യമാകാതിരുന്നതും ലഭിച്ച 2017-18 ൽ ലഭ്യമായതുമായ 100000 രൂപ 18.8.17 ൽ 117070900010 ാം നമ്പർ രശീതി പ്രകാരം വരവ് വെച്ചിരുന്നു. എന്നാൽ 2017-18 ൽ സ്പിൽ ഓവർ ആയി പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയിട്ടില്ലാത്തതിനാൽ തുക ചെലവഴിക്കാൻ സാധിച്ചില്ല. ഇക്കാരണത്താൽ തന്നെ തുക ചലാൻ നം. KL011718392201718/14.3.18 തിരികെ അടവാക്കി.

2017-18 വർഷത്തിൽ നടപ്പിലാക്കിയ ഗൃഹകേന്ദ്രീകൃത സാന്ത്വനം (75/18) എന്ന പദ്ധതിയ്ക്കും ജില്ലാ പഞ്ചായത്ത്

വിഹിതമായി 200000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഈ തുക തൻവർഷം ലഭ്യമായിട്ടില്ല. മേൽ പ്രകാരം തുക പിന്നീടുള്ള വർഷം ലഭ്യമായാൽ ചെലവഴിക്കുന്നതിനായി സ്പിൽ ഓവർ പ്രോജക്ടിന് 2018-19 ൽ അംഗീകാരം വാങ്ങിയിട്ടുമില്ല. തൻവർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതവും പഞ്ചായത്ത് വിഹിതവും ഉപയോഗപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയ്ക്കായി തുക വകയിരുത്തുമ്പോൾ കൃത്യമായ ആവശ്യകത കണക്കാക്കി മാത്രം വകയിരുത്തേണ്ടതും തിരികെ അടവാക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 3-16 പണം മുഴുവനായി നൽകിയിട്ടും പ്രോഗ്രാം നടന്നിട്ടില്ല

വൗച്ചർ നമ്പർ 21700356/10.08.2017 പ്രകാരം ഫിനാൻഷ്യൽ ലിറ്ററസി എന്ന പദ്ധതിക്കുവേണ്ടി പഞ്ചായത്ത് ഫണ്ടിൽ നിന്നും 34500/- രൂപ ചെലവഴിച്ചതായി കാണുന്നു. ഓഡിറ്റ് എൻക്വയറി നം. 11 ന് ലഭിച്ച മറുപടി പ്രകാരം ജി.ഒ (ആർറ്റി) നം. 335/2017/എൽ.എസ്.ജി.ഡി (കെ എം) തീയതി 06.02.2017 ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഏജൻസിയായ സ്റ്റേറ്റ് റിസോർസസ്സ് സെന്റർ കേരളക്ക് പണം കൈമാറിയിരിക്കുന്നത്. നോട്ട് നിരോധനത്തിനുശേഷം സാമ്പത്തിക മേഖലയിൽ വന്ന മാറ്റങ്ങൾക്കനുസരിച്ച് ഡിജിറ്റൽ ബാങ്കിംഗ് സംവിധാനം ജനങ്ങൾക്ക് പരിചയപ്പെടുത്തുകയും ഓൺലൈൻ ഇടപാടുകളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ആണ് പദ്ധതികൊണ്ട് വിഭാവനം ചെയ്തിരുന്നത്. ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി പ്രകാരം ഇതുവരെ പദ്ധതി നടന്നിട്ടില്ലയെന്ന് കാണുന്നു.

എത്രയും വേഗം പദ്ധതി നടപ്പിലാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. അതുവരെ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക 34500/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-17 പൊതുവാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയില്ല വാട്ടർ അതോറിറ്റിക്ക് പണം നൽകുന്നതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നില്ല.

2017 ഏപ്രിൽ മുതൽ ജനവരി വരെ ഓരോ മാസവും 1,53,563/- രൂപ പ്രകാരം 12,28,504/- രൂപ പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ളതായി കാണുന്നു. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 336 പൊതുടാപ്പുകളുടെ അടിസ്ഥാനത്തിലാണ് ഈ തുക നൽകിവരുന്നത്. ജി.ഒ(ആർറ്റി)2242/2011/ത.സ്വ.ഭ.വ തീയതി 28.09.2011 പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് ടാപ്പുകളുടെ പ്രവർത്തനക്ഷമതയെ സംബന്ധിച്ച് സംയുക്ത പരിശോധന നടത്താത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രണ്ടാഴ്ചക്കകം ആയതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകണമെന്നും വാട്ടർ അതോറിറ്റി ഒരാഴ്ചക്കകം അത് പൂർത്തീകരിക്കണമെന്നും സൂചിപ്പിച്ചിരിക്കുന്നു. ഓഡിറ്റ് എൻക്വയറി നം.15 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇതുവരെ മൂന്ന് വാർഡുകളിൽ മാത്രമേ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളൂ. വാട്ടർ ടാപ്പുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് സംയുക്ത പരിശോധന നടത്താതെ വാട്ടർ അതോറിറ്റിക്ക് പണം നൽകുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് അനുയോജ്യമല്ല. ആയതിനാൽ എത്രയും വേഗം സംയുക്ത പരിശോധന പൂർത്തീകരിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ മാത്രം പണം നൽകണമെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 200000 | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(74/18) | 200000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 500000 | സ്ട്രീറ്റ് മെയിൻ വലിക്കൽ(90/18) | 500000 | 0 |
| ജില്ലാപഞ്ചായത്ത് | 2017-18 | 120000 | ക്ഷീരകർഷകർക്ക് സബ്സിഡി(121/18) | 31122 | 88878 |
| ജില്ലാപഞ്ചായത്ത് | 2017-18 | 250000 | പോഷകാഹാരപദ്ധതി(50/18) | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | സാന്ത്വനപരിചരണം(2016-17) | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(74/18) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പോഷകാഹാരപദ്ധതി(50/18) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | സാന്ത്വനപരിചരണം(75/18) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 120000 | ക്ഷീരകർഷകർക്ക് സബ്സിഡി(121/18) | 120000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 14586 | പച്ചക്കറികൃഷി സബ്സിഡി(70/18) | 14586 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 275000 | നെൽകൃഷി കൂലിച്ചെലവ്(68/18) | 275000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ(90/18) | 21701090/31.3.18 | 496520 | 0 | 496520 |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ(90/18) | 26/25.1.18– | 706675 | 0 | 706675 |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ(90/18) | 21/27.10.17 | 993325 | 0 | 993325 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവനപദ്ധതി | 21.8.17 | | 184603 | 184603 | | 0 |

•

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 66619രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-2 | 360 | ടി എച്ച് ഷാജി,അസിസ്റ്റന്റ് സെക്രട്ടറി | 117020103867/25.1.18 |
| | | 360 | ടി എച്ച് ഷാജി,അസിസ്റ്റന്റ് സെക്രട്ടറി | 117020103871/25.1.18 |
| | | 360 | ടി എച്ച് ഷാജി,അസിസ്റ്റന്റ് സെക്രട്ടറി | 117020103878/25.1.18 |
| | | 360 | ടി എച്ച് ഷാജി,അസിസ്റ്റന്റ് സെക്രട്ടറി | 117020103904/29.1.18 |
| | | 360 | ടി എച്ച് ഷാജി,അസിസ്റ്റന്റ് സെക്രട്ടറി | 117020103937/30.1.18 |
| | | 360 | ടി എച്ച് ഷാജി,അസിസ്റ്റന്റ് സെക്രട്ടറി | 117020104131/5.2.18 |
| | | 360 | ടി എച്ച് ഷാജി,അസിസ്റ്റന്റ് സെക്രട്ടറി | 117020104132/5.2.18 |
| | | 360 | ടി എച്ച് ഷാജി,അസിസ്റ്റന്റ് സെക്രട്ടറി | 117020104133/5.2.18 |
| 2015-16 | 3-9 | 53739 | അരുൺ,വി ഇ ഒ | 117020103826/22.1.18 |
| 2014-15 | 3-10 | 10000 | സി.ഉഷ,സെക്രട്ടറി | 117020105435/19.3.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | | 2016-17 | 2.1 | തൊഴിൽനികുതി | നടപടി സ്വീകരിച്ചു വരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 45109211 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50097777 |
| വരവിനങ്ങളിലുള്ള നഷ്ടം | 16000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 360000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3056020 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | - | 75000 | സലാഹുദ്ദീൻ പി പി, അസിസ്റ്റന്റ് സെക്രട്ടറി |
| 2-2 | 16000 | - | രഘു വി.സി, സെക്രട്ടറി |
| 3-3 | - | 285000 | സുബിത സി.എസ്, അസി.എഞ്ചിനീയർ |
| ആകെ | 16000 | 3,60,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 625000 | Dr.Pame.T Maliekkal, Veterinary Surgeon |
| 3-9-1 | 200000 | രഘു വി.സി, സെക്രട്ടറി |
| 3-9-2 | 2196520 | രഘു വി.സി, സെക്രട്ടറി |
| 3-16 | 34500 | രഘു വി.സി, സെക്രട്ടറി |
| ആകെ | 3056020 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | -- |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ)<br><br>ഔദ്യോഗിക മേൽവിലാസം | |
| സലാഹുദ്ദീൻ പി പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് | കറുപ്പംവീട്ടിൽ, മാടക്കാട്ടുവളപ്പിൽ ഹൗസ്, പി.ഒ ബ്ലാങ്ങാട്, തൃശ്ശൂർ |
| രഘു വി.സി, സെക്രട്ടറി | സെക്രട്ടറി കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് | വിളക്കത്തല, വാടാനപ്പള്ളി പി.ഒ |
| സുബിത സി.എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കണ്ടാണശ്ശേരി ഗ്രാമ പഞ്ചായത്ത് | കറുത്തേടത്ത് ഹൗസ്, അയ്യന്തോൾ പി.ഒ, തൃശ്ശൂർ – 680 003 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 75-76 | എൽ. എഫ്.ടി 8 -1225/78/ 17.9.98 |
| 76-77 | എൽ. എഫ്.ടി 8-4/383/ 79/9.8.99 |
| 77-78 | എൽ. എഫ്.ടി 10 -1290/80/ 5.7.90 |
| 78-79 | എൽ. എഫ്.ടി 10 –1198/82/ 7.11.81 |
| 79-80 | എൽ. എഫ്.ടി 8 –1179/82/ 5.11.82 |
| 82-83 | എൽ. എഫ്.ടി 8 -1225/98/ 17.10.98 |
| 83-84 | എൽ. എഫ്.ടി 8 -1225/98/ 17.10.98 |
| 84-85 | |
| 85-86 | |
| 86-87,87-88 | |
| 88-89,89-90 | |
| 90-91 | |
| 91-92 | |
| 92-93,93-94 | എൽ. എഫ്.ടി 8 -1225/98/ 17.10.98 |
| 94-95 | എൽ. എഫ്.ടി 10 –1297/04/ 12.12.04 ( വരവ് ചെലവ് ) |
| 95-96 | എൽ. എഫ്.ടി 10 –1248/04/ 12.12.04 |
| 96-97 | എൽ. എഫ്.ടി.പി 6 –1071/14/7.8.14/11.9.14 |
| 97-98 | എൽ. എഫ്.ടി.പി 6 - 1071/14/7.8.14/11.9.14 |
| 98-99 | എൽ. എഫ്.ടി 10 –761/01/ 30.10.06 ( വരവ്) |
| 99-2000 മുതൽ 2001-2002 വരെ | എൽ. എഫ്.ടി 10 –1070/03/ 8.12.98 ( ജനകീയാസൂത്രണം) |

| | |
|---|---|
| 99-2000 | എൽ. എഫ്.ടി 10 -725 /06/ 31.10.06 |
| 2000-01 | എൽ. എഫ്.ടി 10 –1689/07/ 3.6.08 |
| 01-02 | എൽ. എഫ്.ടി 10 –1689/07/ 3.6.08 |
| 02-03 | എൽ. എഫ്.ടി.പി 6 –1071/14/7.8.14/11.9.14 |
| 03-04 | എൽ. എഫ്.ടി.പി 6 –1071/14/7.8.14/11.9.14 |
| 04-05 | എൽ. എഫ്.ടി.പി 6 –1071/14/7.8.14/11.9.14 |
| 05-06 | എൽ. എഫ്.ടി.പി 6 –1071/14/7.8.14/11.9.14 |
| 06-07 | എൽ. എഫ്.ടി 10 –2246/08/ 11.12.09 |
| 07-08 | എൽ. എഫ്.ടി 10 –2246/08/ 11.12.09 |
| 08-09 | എൽ. എഫ്.ടി 10 –1917/11/ 7.3.12 |
| 09-10, 10-11 | എൽ. എഫ്.ടി. പി 2 -2382/12/ 29.4.13/ 14.8.13 |
| 11-12 | എൽ. എഫ്.ടി. പി 6 –1654/13/ 4.2.14 |
| 12-13 | എൽ. എഫ്.ടി. പി 9 –837/14/ 15.12.14/ 12.3.15 |
| 13-14 | കെ.എസ്.എ-ടി.എസ്.ആർ(പി9)931/15/5.10.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ(പി9)1053/16,04.07.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ(പി9)-2118/16,25.01.2017 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)-1557/17,തി. 27.11.17 / 11.12.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ ചെലവ് കണക്കുകളെ ശരിയായ വിധത്തിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.